# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 9
SEPTEMBER - 2023 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333



കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിൻ നാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം. വീണ്ടുമായ് മാസിക അയക്കാൻ സഹായിച്ച ദൈവത്തെ സ്തുതിക്കുന്നു. ഇതിനായി സഹായിച്ച എല്ലാ വായനക്കാരേയും ദൈവം സമാധാനവും അനുഗ്രഹവും നല്കി പരിപാലിക്കട്ടെ.

കഴിഞ്ഞ മാസത്തിൽ നടന്ന എല്ലാ യോഗങ്ങളെയും ദൈവം അനുഗ്രഹിച്ചു. ഓരോരോ യോഗത്തിലും പ്രസംഗം കേൾക്കാൻ ജനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഡിസംബർ മാസത്തിൽ കുന്നംകുളത്തിൽ നടക്കാനുള്ള യോഗങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു അപേക്ഷിക്കുന്നു.

കഴിഞ്ഞ ചില മാസങ്ങളായി മനസ്സിൽ വർദ്ധിച്ചുവരുന്ന ഭാരം വിശ്വാസികളുടെ പ്രാർത്ഥനക്കുറവുകളെ ഓർത്താണ്. അതിനെക്കുറിച്ചു ചില കാര്യങ്ങൾ പറയുവാൻ അനുഗ്രഹിക്കുന്നു.

ജാമക്കാരൻ JAMAKKARAN

നമ്മുടെ ആളാം പ്രതിയായി പ്രാർത്ഥിക്കുന്ന പ്രാർത്ഥനകളിൽ നമുക്കും നമ്മുടെ ആവശ്യങ്ങൾക്കും കുടുംബത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നു. എത്രയോ വർഷങ്ങളായി ഞാൻ സൂചിപ്പിച്ച ഒരു പ്രധാന വിഷയം കൺവെൻഷനിലും മറക്കാതെ പറയുന്ന പ്രധാന വിഷയം മറ്റുള്ളവർക്കുവേണ്ടി നാം ചെയ്യുന്ന മദ്ധ്യസ്ഥപ്രാർത്ഥന ദൈവം വളരെ പ്രതീക്ഷിക്കുന്നു.

**"ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു ആരെയും കണ്ടില്ലാതാനും"** (യെഹെ. 22:30). അബ്രഹാം ദൈവത്തോടു യാചിച്ചതുപോലെ നാല്പതു നീതിമാന്മാർ ഉണ്ടായിരുന്നാൽ ദേശത്തെ നശിപ്പിക്കുമോ എന്നു യാചിച്ചതുപോലെ, 20 മുതൽ 10 വരെ ലേലം വിളിക്കുന്നതുപോലെ യാചിച്ചു 10 നീതിമാന്മാർപോലും സോദോമിൽ ഇല്ല ദൈവം അതിനെ നശിപ്പിച്ചു. അബ്രഹാമിന്റെ പ്രാർത്ഥനപോലെ ലോത്തിനെയും കുടുംബത്തെയും ദൈവം രക്ഷിച്ചു. ദൈവം ഇപ്പോഴും അതു പ്രതീക്ഷിക്കുന്നു.

**"അവനോടു യഹോവ: നീ നഗരത്തിന്റെ നടുവിൽ യെരുശലേമിന്റെ നടുവിൽക്കൂടി ചെന്ന് അതിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു"** (യെഹെ. 9:4,5).

നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റിയിൽ അടയാളം ഇടുക എന്നു പറയുന്നു. ദേശം മുഴുവനും നടക്കുന്ന മ്ലേച്ഛതകൾ എന്നു പറയുമ്പോൾ ഇന്ത്യയിൽ കഴിഞ്ഞ 20 വർഷത്തിനു മുമ്പു കാണാത്ത വിഗ്രഹ ആരാധന വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വടക്കേ ഇന്ത്യയിൽ നിന്നും കന്യാകുമാരി വരെ എല്ലാ കേന്ദ്രങ്ങളിലും അമ്പലങ്ങളിലും വിഗ്രഹത്തെ ആരാധിക്കുന്ന കൂട്ടം വർദ്ധിച്ചുവരുന്നു. ക്ഷേത്രങ്ങളിൽ നടക്കുന്ന പല പ്രത്യേക പരിപാടികൾ വർദ്ധിച്ചു വരുന്നു. വീഥി മുഴുവനും വിഗ്രഹത്തെ ചുമന്നു പഠിച്ചവർ, വിദ്യാഭ്യാസം ഇല്ലാത്തവർ എന്ന വ്യത്യാസം ഇല്ലാതെ ജനങ്ങൾ വിഗ്രഹത്തെ ചുമക്കുന്നു. ഇതു കാണുമ്പോൾ മനസ്സിൽ വല്ലാത്ത വിഷമം തോന്നുന്നു. ക്രിസ്തുവിനെ സ്നേഹിക്കുന്ന നമുക്കുതന്നെ ഈ വിഷമം ഉണ്ടെങ്കിൽ ദൈവത്തിന്റെ മനസ്സു എത്രമാത്രം ദുഃഖിക്കും.

**"വൃദ്ധന്മാരേയും, യൗവനക്കാരേയും കന്യകമാരേയും പൈതങ്ങളെയും സ്ത്രീകളേയും കൊന്നുകളവിൻ എന്നാൽ അടയാളമുള്ള ഒരുത്തനേയും തൊടരുത്.**

**എന്റെ വിശുദ്ധ മന്ദിരത്തിൽ തന്നെ തുടങ്ങുവിൻ എന്നു കല്പിച്ചു"** (യെഹെ. 9:6). ദൈവം സംഹാരദൂതനെ ദേശം മുഴുവൻ അയക്കുന്നതായി എഴുതിയിരിക്കുന്നു. അതിൽ പ്രധാനമായി ദൈവം സ്നേഹിക്കുന്ന ദൈവാലയങ്ങളിലും പള്ളികളിലും സഭകളിലും ഭരണം നിർവ്വഹിക്കുന്ന മൂപ്പന്മാരിൽ നിന്നും സംഹാരത്തെ തുടങ്ങുവാൻ ദൂതന് നിർദ്ദേശം കൊടുക്കുന്നു. യഥാർത്ഥ ദൈവത്തെ മനസ്സിലാക്കിയവർ ഇതിനെക്കുറിച്ചു ഭാരപ്പെടാതിരുന്നാൽ ദൈവകോപം ആദ്യം ക്രിസ്ത്യാനികളുടെമേൽ ഉണ്ടാകും എന്നു എഴുതിയിരിക്കുന്നു. യേശുക്രിസ്തു ഈ ലോകത്തിൽ വന്നപ്പോൾ മുൻമാതൃകയായി ലോകത്തിലെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു എബ്രാ. 5:7. –ൽ അവൻ പ്രാർത്ഥിച്ചവിധം നമുക്കു കാണാം. ഭാരത്തോടും കണ്ണുനീരോടും അവൻ പ്രാർത്ഥിച്ചു എന്നു എഴുതിയിരിക്കുന്നു.

നാം ഉപവാസ പ്രാർത്ഥനയിലും മുഴുരാത്രി പ്രാർത്ഥനയിലും പൊതു പ്രാർത്ഥനയോഗങ്ങളിലും മണിക്കൂറുകൾ പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടോ? പക്ഷെ ഓരോ വിശ്വാസിയും അവരവരുടെ രഹസ്യപ്രാർത്ഥനയിൽ കുറിപ്പുകളെ വച്ചു അതുനോക്കി പ്രാർത്ഥിച്ചാൽ ഓരോരോ ദിവസവും കുറഞ്ഞത് അരമണിക്കൂർ പ്രാർത്ഥിക്കാൻ സാധിക്കും. ദൈവത്തിനുവേണ്ടി ഓരോരോ ദിവസവും 24 മണിക്കൂറിൽ അരമണിക്കൂർ എങ്കിലും ദൈവത്തിന്റെ ഭാരം നിവർത്തിക്കുവാൻ ചിലവഴിച്ചാൽ നമുക്കും നമ്മുടെ സന്തതികൾക്കും നല്ലതായിരിക്കും. ദൈവത്തിന്റെ മനസ്സു സന്തോഷിക്കും. ഇന്ത്യയിലും, ആ പ്രാർത്ഥന, വിഗ്രഹ ആരാധന ചെയ്യുന്ന ഹൈന്ദവർ കത്തോലിക്കർ ഉണർത്തപ്പെടുവാൻ സാധിക്കും.

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

- ☐ നിങ്ങൾ എഴുതിയ പ്രാർത്ഥന കുറിപ്പുകൾക്കുവേണ്ടി തുടർന്നും ഞാൻ പ്രാർത്ഥിക്കും.
- ☐ ഓൺലൈനിൽ അയച്ച എല്ലാ കാണിക്കകൾക്കും വളരെ നന്ദി.
- ☐ ഇനി വരുന്ന മാസങ്ങളിൽ നടക്കുന്ന യോഗങ്ങൾ അനുഗ്രഹിക്കപ്പെടുവാൻ നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണം.

തിരിഞ്ഞുനോട്ടം എന്ന ശീർഷകത്തിൽ എന്റെ അനുഭവത്തെ മുൻനുറുത്തി ഞാൻ നേരത്തെ എഴുതിയിരുന്ന പഴയ ലേഖനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു പലരും എനിക്ക് കത്തുകൾ എഴുതി ക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു അവരുടെ അപേക്ഷ പരിഗണിച്ചു നേരത്തെ എഴുതിയ ലേഖനങ്ങളെ തന്നെ വീണ്ടും പരസ്യപ്പെടുത്തുന്നു.

# തിരിഞ്ഞുനോട്ടം

**നമ്പർ 1**

ചില വർഷങ്ങളായി എന്റെ ഉറ്റ സ്നേഹിതൻമാരും, സുവിശേഷകരും വിശ്വാസികളും എന്റെ അനുഭവസാക്ഷ്യത്തെ ചെറിയ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടേയിരിക്കുന്നു.

എന്റെ അനുഭവസാക്ഷ്യം ആരുടെയെങ്കിലും മനസ്സിനെ സ്വാധീനിക്കുമെന്നോ, മറ്റുള്ളവരുടെ പ്രതീക്ഷ പോലെ ശ്രഷ്ഠമായതാണെന്നോ പറയുവാൻ വയ്യാ. ഞാൻ സംസാരിക്കുന്ന എല്ലാ യോഗങ്ങളിലും എന്റെ അനുഭവ സാക്ഷ്യം അറിയിക്കാതെ ഇരുന്നിട്ടുമില്ല. അതുകൊണ്ടു മിക്കവാറും എല്ലാവരും എന്റെ അനുഭവ സാക്ഷ്യം കേട്ടിട്ടുള്ളവരത്രെ. പക്ഷെ, എൻറ അനുഭവസാക്ഷ്യത്തിലൂടെ പ്രസ്താവിക്കാത്ത ആത്മീയാനുഭവങ്ങൾ അനവധിയുണ്ട്. പ്രസ്തുത അനുഭവങ്ങളെ ചില സ്ഥലങ്ങളിൽ മാത്രമെ പ്രസ്താവിച്ചിട്ടുള്ളു. വീണ്ടും പ്രസിദ്ധീകരിക്കുവാൻ പോകുന്ന ഈ ലഘുലേഖ സശ്രദ്ധം നിങ്ങൾ വായിച്ച് ഈ അനുഭവങ്ങളെക്കുറിച്ച് ഞാൻ തുടർന്നു എഴുതിയാൽ ഏതെങ്കിലും ആത്മാവിനു പ്രയോജനപ്രദമായിരിക്കുമോ എന്ന് എന്നെ അറിയിക്കുവാനപേക്ഷ.

ഞാൻ രക്ഷിക്കപ്പെട്ടു നാലു വർഷങ്ങൾക്കു ശേഷം എനിക്ക് നേരിട്ട് മറക്കാനാവാത്ത ഒരനുഭവം മാത്രം ചുവടെ ചേർക്കുന്നു. 1964 –മാണ്ട് രക്ഷിക്കപ്പെട്ടു. 1967 ലാണു. ഈ സംഭവം ഉണ്ടായത്.

"Friends Missionery Prayer Band" എന്ന ഒരു സുവിശേഷ സ്ഥാപനം തമിഴ്നാട്ടിൽ ഉണ്ട്. ഈ സ്ഥാപനത്തിന്റെ ആദ്യത്തെ മിഷനറിയായി തിരഞ്ഞെടുക്കപ്പെട്ട രണ്ടു പേരിൽ ഒരാളാണ് ഞാൻ. മറ്റേ ആൾ സഹോ. ഹാരിസ് ഹിൽട്ടൻ എന്ന ദേഹമാണ്. മിഷനറിയായി ഞാൻ തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പായി ഉണ്ടായ ഒരു സംഭവം ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ.

**ലോറി അപകടം**

ബാംഗ്ളൂരിലേക്കു ഒരു ലോറിയിൽ യാത്രചെയ്തു കൊണ്ടിരിക്കുമ്പോൾ ഹുസൂർ (Hosur) അരികെ ഒരു പുഴവക്കത്തുള്ള റോഡിൽ വെച്ച് ലോറി തലകീഴായി മറിയുകയും ഡ്രൈവറും, ക്ളീനറും ഗുരുതരമായ പരിക്കുകളേറ്റ് ക്ളീനർ മരണാവസ്ഥയിലായി. ഞാൻ മാനസികാവസ്ഥ പുനഃസ്ഥാപിച്ചതിനുശേഷം ലോറിയുടെ മുമ്പിലുള്ള കണ്ണാടി കാലുകൊണ്ടു പൊട്ടിച്ചുപുറത്തേക്കു ചാടി. മറ്റവരെ ആംബുലൻസ് വരുത്തി കൊണ്ടു പോകുന്നതിനുമുമ്പ് ഞാൻ വേറെ വണ്ടിയിൽ കയറി ഹുസൂർ ചെന്നു എന്റെ കൈക്കു പറ്റിയ ഒരേ ഒരു പരിക്കു ഡ്രസ്സു ചെയ്തു ബാംഗ്ളൂർക്കു പോയി. പരിപാടികൾ പൂർത്തിയാക്കി ഞാൻ വീട്ടിലേക്കു തിരിച്ചുപോന്നു. കർത്താവു തന്റെ കരങ്ങളിൽ എന്നെ സൂക്ഷിച്ചു.

ഇതിനു ശേഷം തിരുപ്പൂർ സി.എസ്.ഐ. പള്ളിയിൽ വി.ബി.എസ്. യോഗങ്ങൾ നടത്തുവാൻ ഞങ്ങൾ ഗ്രൂപ്പായിപ്പോയിരുന്നു. അന്നൊരു ദിവസം അച്ചന്റെ വീട്ടിന്നരികിൽ തുറസ്സായ സ്ഥലത്തുണ്ടായിരുന്ന മണൽപുറത്തു കിടന്നു കൊണ്ടു ആ ഭയങ്കര ലോറിയപകടത്തെക്കുറിച്ചും കർത്താവു എന്നെ മാത്രം രക്ഷിച്ച വിധത്തെപ്പറ്റിയും ചിന്തിച്ചു കൊണ്ടിരുന്നു. നല്ല രക്ഷാനിർണ്ണയം പ്രാപിച്ച അവസ്ഥയിലായിരുന്നു, അന്നു ലോറിയിൽ പ്രാർത്ഥനയോടുകൂടി യാത്ര ചെയ്തു കൊണ്ടിരുന്നത്.

പിന്നെ എന്തുകൊണ്ടാണീ അപകടം ഉണ്ടായത്? മറ്റുള്ളവർക്കേൽപ്പെട്ട ഗുരുതരാവസ്ഥ എനിക്ക് സംഭവിക്കാതിരിക്കാൻ ഉള്ള കാരണം എന്താണ്? എന്തുകൊണ്ടു കർത്താവ് എന്നെ മാത്രം രക്ഷിച്ചു ? ഈ ചോദ്യങ്ങൾ നന്ദി സൂചകമായ വികാരങ്ങളായി ഹൃദയത്തിൽ ശക്തിയായി പൊങ്ങിക്കൊണ്ടിരിക്കെ പിറ്റേദിവസം സേലത്തേക്കു ചെന്നു ഡേനീഷ് പേട്ടയിൽ ഒരു സഹോദരനുമായി

ചർച്ച ചെയ്തു. ദൈവം എന്നിൽ ഏതോ പ്രതീക്ഷിക്കുന്നുണ്ടായിരിക്കണം. ഞാൻ അത് നിർവ്വഹിക്കുക തന്നെ വേണം എന്ന ആകാംക്ഷയോടെ എന്റെ ഹൃദയത്തെ മദിച്ചുകൊണ്ടിരുന്നു.

എന്റെ അവസ്ഥ മറ്റുള്ള വിശ്വാസികളുമായി പങ്കിടപ്പെട്ടു. തീരുമാനം? കർത്താവിനു വേണ്ടി മുഴുവൻ സമയവും സേവകനായി തൊഴിലുപേക്ഷിച്ചു, കാടുകളിൽ സൗജന്യമായ വൈദ്യ ചികിൽസയോടുകൂടി സുവിശേഷ പ്രവർത്തനം ചെയ്യുവാൻ ആദ്യത്തെ മിഷനറിയായി ചെല്ലുവാനിടയായി. മറ്റു ചില സംഭവങ്ങളോടൊപ്പം ഈ സംഭവവും എന്നെ ഒരു മിഷനറി ആകുവാൻ പ്രേരിപ്പിച്ചു.

**ഇനിയും തുടർന്നു വായിക്കുക**

1967–ാമാണ്ടു ജൂൺ മാസം 9–ാം തീയതി എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരു ദിവസമാകുന്നു. "Friends Missionery Prayer Band" ന്റെ ഭാരവാഹികളായ റവ. ഡോ: സാം കമലേശൻ, ബ്രദ: പി. ശാമുവേൽ, റവ: ജി. മോഹൻ, ബ്രദ: എമിൻ ജപസിംഗ് (വിശ്വവാണി ഡയറക്ടർ, ഇപ്പോൾ അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു) എന്നിവരെല്ലാം എന്നെയും മറ്റൊരു മിഷണറിയായ മി. ഹാരിസ് ഹിൽട്ടൻ അവർകളെയും മലയുടെ അടിവാരത്തു വച്ചു പ്രതിഷ്ടാരാധന നടത്തി അതിനുശേഷം എല്ലാ പേരും കൂടെ മലമുകളിൽ കയറി അവിടെയുള്ള ആദിവാസി ഗ്രാമത്തിലുള്ള ഒരു കുടിലിൽ ഞങ്ങളെ കൊണ്ടു വന്നാക്കിയിട്ടുപോയി. അങ്ങനെ "Friends Missionery Prayer Band" ന്റെ പേരിൽ ചില മാസങ്ങൾ പെരിയമല എന്നു പറയപ്പെടുന്ന കാടുകളിൽ താമസിച്ചു കർത്താവിന്റെ വേല ചെയ്തു. എന്നാൽ ആ ദിവസങ്ങളിൽ എനിക്കുലഭിച്ച അനുഭവങ്ങളും, അനുഗ്രഹങ്ങളും മറക്കാനാവില്ല, ഡോക്ടർ എന്ന എന്റെ നിലയും, അഹംഭാവവും, വ്യക്തിത്വവും എല്ലാം അവിടെ വെച്ചാണ് നശിപ്പിക്കപ്പെട്ടതു. ദൈവത്തിനു സ്തോത്രം! ഞങ്ങൾ പോയിരുന്ന മലയുടെ പേരു 'പെരിയമല' എന്നാണ്. മലയിൽ ഞങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ പേരു "പെട്ടമുകുളാളം" എന്നാണ്. തിങ്ങിയ വനത്തിന്റെ മധ്യത്തു ഒരു ചെറിയ കുടിൽ. നിലത്തു കിടന്നു ഇഴഞ്ഞുവേണം അതിനകത്തു ചെല്ലേണ്ടതു. കുടിലിന്റെ ഭിത്തിയുടെ പൊക്കം ഒരടി അതാണെങ്കിൽ ആകപ്പാടെ പൊട്ടിക്കീറിയതും ദ്വാരങ്ങൾ നിറഞ്ഞതുമാണ്. അതിൽ വസിക്കുന്ന വിവിധങ്ങളായ വിഷജന്തുക്കൾ കാണാൻ വിനോദകരമാണ്. ദിവസേന

പാമ്പിൻ കുഞ്ഞുങ്ങൾ, ഭിത്തിയിൽ കൂടി ഇഴഞ്ഞുചെല്ലുന്നതും പഴുതാര ഓടുന്നതും കാണാം. ഞങ്ങൾ അവയെ കൊല്ലാറില്ല. കാരണം കൊന്നാലൊട്ടു അവസാനിക്കുന്ന രീതിയിലല്ല!

രാത്രി ഭയങ്കര തണുപ്പ്. രണ്ടുപേർക്കും കൂടി ഒരു കമ്പിളി മാത്രമെയുള്ളു. അതു രണ്ടുപേരും ചേർന്നു പുതയ്ക്കും. രാവിലെ ഉണരുമ്പോൾ കമ്പിളിയുടെ മുകളിൽ കാണുന്ന എലി കുഞ്ഞുങ്ങൾ, പഴുതാര എന്നിവയെ കുടഞ്ഞു കളഞ്ഞ ശേഷം പ്രാർത്ഥനയ്ക്കു ഒരുങ്ങും.

**ഒരു കുത്തി വയ്പിന്റെ വില**

**1. പടി പഞ്ഞപ്പുല്ലുമാവ് (റാഗി)**

പണമില്ലാത്ത അവസ്ഥ നേരിട്ടു. ഉണ്ടായിരുന്ന അരിയും തീർന്നു. എങ്കിലും ഞങ്ങളുടെ പ്രവർത്തനം നിർവിഘ്നം തുടർന്നു. പതിവുപോലെ അതിരാവിലെ വിറച്ചുകോച്ചുന്ന തണുപ്പിനെ അവഗണിച്ചു ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലേക്കു ചെല്ലും. വീടുതോറും ചെന്നു ഓരോവ്യക്തിയെയും സന്ദർശിച്ചു യേശുവിനെ പരിചയപ്പെടുത്തും. പാട്ടുപാടി കുട്ടികളെ സന്തോഷിപ്പിക്കും. വിശുദ്ധ വേദ പുസ്തകത്തിലെ കഥകൾ പറഞ്ഞുകൊടുക്കും.

പരിചയമുള്ള ഒരു ഗ്രാമത്തിൽ ഞങ്ങൾ ഒരു പ്രാവശ്യം പോയി. അകലെ ഞങ്ങളെ കണ്ട കുട്ടികൾ ഗ്രാമത്തലവനെ അറിയിച്ചു യേശു സ്വാമി വരുന്നു എന്നു കുട്ടികൾ പറഞ്ഞപ്പോൾ എത്ര യേശു വരുന്നു എന്നു അയാൾ ചോദിച്ചു. രണ്ടു യേശു സ്വാമികൾ വന്നു കൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. അത്രയേറെ കാര്യങ്ങൾ അറിയാത്തവരായിരുന്നു ഗ്രാമവാസികൾ !

വയോവൃധനായ ഒരാളെ സമീപിച്ചു നിങ്ങൾക്കു തമിഴ് വായിക്കാനറിയാമോ എന്നു ചോദിച്ചു. "അറിയില്ല പക്ഷേ ഞങ്ങൾ കണ്ടിട്ടുള്ള ആദ്യത്തെ തമിഴ് എഴുത്തു ഒരു സ്ഥലത്തുണ്ടെന്നും താൻ അതു അറിയുമെന്നും പറഞ്ഞു. തുടർന്നു ഞങ്ങളെ അങ്ങോട്ടു ക്ഷണിച്ചുകൊണ്ടുപോയി. അതു ചെറിയ ഒരു അമ്പലമായിരുന്നു. അകത്തു ഒരു കല്ലു പ്രതിഷ്ഠിച്ചു വിഗ്രഹാരാധന നടത്തുന്നു. മേൽ കൂരക്കുപകരം രണ്ടു തകരങ്ങൾ ചാച്ചു വെച്ചിട്ടുണ്ട്. അതിൽ ഒരു തകരത്തിൽ ആ ജനങ്ങൾ

തങ്ങളുടെ ജീവിതത്തിൽ കണ്ടിട്ടുള്ളതായ ആദ്യത്തെ തമിഴ് എഴുത്തു കണ്ടു അതു "എം.ജി.ആർ. വാഴ്ക" എന്നു കുമ്മായം കൊണ്ടു എഴുതിയതായിരുന്നു.

ആദ്യമായി ഞങ്ങളാണു തമിഴിൽ യേശു എന്ന പദവുമായി അറിയിക്കുവാൻ ചെന്നു എന്നു തന്നെ വിചാരിച്ചാൽ ഞങ്ങളെ മേൽപ്പറഞ്ഞ മൂന്നു എഴുത്തുകൾ പിന്നിലാക്കിക്കളഞ്ഞു! എന്തുപറയുവാനാണ്!

ഇപ്രകാരമുള്ള പരിപാടികളുടെ ഇടക്കു ഞങ്ങളുടെ ഭക്ഷ്യ പ്രശ്നങ്ങളും ശ്രദ്ധിക്കുവാൻ മുതിർന്നു. രോഗികളെ അന്വേഷിച്ചലഞ്ഞു. മഹാരോഗം ബാധിച്ച ഒരു സ്ത്രീയുടെ അടുത്തു ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. അവിടെയുള്ളവർ രോഗം മൂർദ്ധന്യാവസ്ഥയിലായാൽ കട്ടിലിനോടു ചേർത്തു രോഗിയെ ചുമന്നുകൊണ്ടു മലയിൽ നിന്നും അടിവാരത്തേക്കിറങ്ങി ടൗണിൽ ചെന്നു ചികിൽസ ചെയ്യുന്ന രീതിയുണ്ടു. കുറേനിലം കാർഷികമായ മറുൽപ്പന്നങ്ങൾ, മുളവെട്ടി വിൽക്കുക തുടങ്ങിയ ആദായമാർഗ്ഗങ്ങൾ ഉള്ളവർക്കു മാത്രമെ രോഗികളെ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ചികിൽസക്കു വിധേയരാക്കുവാൻ സാധിക്കുകയുള്ളു. അങ്ങിനെ കുറെ ജീവിത സൗകര്യങ്ങളുള്ളവരാണു ഞാൻ സന്ദർശിച്ച രോഗിയും. എന്നാൽ ആ ഗ്രാമത്തിൽ ആരുടെ പക്കലും പണമില്ല. ക്രയവിക്രയങ്ങൾ നടക്കുന്നതു സാധനങ്ങൾ പരസ്പരം കൈമാറുന്നതു മൂലമാണു.

ഇപ്പോൾ ഞാനും ആ സ്ത്രീക്കു കുത്തിവെച്ചു ഞങ്ങളുടെ വിശപ്പിനു പച്ചപ്പുല്ലുമാവു (റാഗി പൗഡർ എന്നഭിമാനത്തോടു കൂടിപറയാം) വാങ്ങി ആ മാവു കുഴച്ചു ഉപ്പു ചേർത്തു എണ്ണ, മുളക്, ഉള്ളി ഇവ കൂടാതെ ഒറട്ടി പോലെ തട്ടി വേകിച്ചുതിന്ന അനുഭവം എനിക്കു മറക്കാനാവില്ല !

വീട്ടിൽ എത്ര സമദ്ധിയായി രുചിയോടുകൂടി ഭക്ഷണം തന്നാലും കുറ്റം പറഞ്ഞുകഴിക്കുന്ന എനിക്കു കർത്താവു നല്ല ഒരഭ്യസനം തന്നു. തദവസരത്തിൽ എനിക്കു ആ റൊട്ടി വളരെ രുചികരമായിരുന്നു.

**ഒരു ചായക്കുവേണ്ടി പാട്ടു പാടി**

ഒരു ദിവസം ബഹു ദൂരമുള്ള ഒരു ഗ്രാമത്തിലേക്കു പോകുവാൻ നിശ്ചയിച്ചു. ഉച്ചഭക്ഷണം ഒരു പൊതിയാക്കി കൈവശം വെച്ചു കൊണ്ടു ആ ഗ്രാമത്തിൽ കടന്ന് സുവിശേഷം അറിയിക്കുവാനും വൈകുന്നേരം കുടിലിൽ വന്നു ചേരാനും

തീരുമാനിച്ചു. അതിരാവിലെ ഇരുട്ടുള്ളപ്പോൾതന്നെ യാത്ര തിരിച്ചു തിങ്ങിയ ഘോരവനത്തിലൂടെ യാണു പാത. ഞങ്ങളുടെ എതിരെ വന്ന ആത്മാക്കളോടു സുവിശേഷം ഘോഷിച്ചുകൊണ്ട് യാത്രതുടർന്നതുകൊണ്ടു നേരം പോയതു അറിയാതിരുന്നു. വിശപ്പായി, കൈവശം ഇരുന്ന പൊതിയഴിച്ചു ഭക്ഷണം കഴിച്ചു വീണ്ടും നടക്കാൻ തുടങ്ങി.

തികച്ചും അപരിചിതമായ പാത, ആ ഗ്രാമവും ആദ്യമായിട്ടാണ് സന്ദർശിക്കുന്നത്. അതുകൊണ്ട് ഏതു വിധേനയും ആ ഗ്രാമത്തിലേക്ക് പോകാതെ മടങ്ങുകയില്ലെന്നുള്ള തീരുമാനത്തോടുകൂടി വേഗത്തിൽ നടന്നു. മുമ്പിൽ മരങ്ങൾ തിങ്ങി അന്ധകാരം നിറഞ്ഞ അന്തരീക്ഷം. ചുററും മുളക്കൂട്ടം കൊണ്ട് നിറഞ്ഞിരുന്നു. ഒരു കാട്ടാന കൂരിരുൾ മദ്ധ്യത്ത് കറുത്ത്, മരത്തിന്റെ പൊക്കത്തിൽ നിൽക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടില്ല. ഞങ്ങൾ അതിനോടടുത്തു. അൽപ്പംകൂടി അടുത്തിരുന്നാൽ ആനയുടെ പിൻകാലുകളിൽ ഞങ്ങൾ മുട്ടിനിൽക്കുമായിരുന്നു. പൊടുന്നനവേ ആനയുടെ മലമൂത്രങ്ങളുടെ ചൂട് ഞങ്ങളുടെ കാലുകൾക്ക് അനുഭവപ്പെട്ടതുമൂലം ആന ഞങ്ങളുടെ വളരെ സമീപത്തായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. തൽക്ഷണം അവിടെ നിന്നുകൊണ്ട് ഞങ്ങൾ പ്രാർഥിച്ചു. അപ്പോൾ സഹോ. ഹിൽട്ടൻ പറഞ്ഞു, “ഭയപ്പെടേണ്ട! നമ്മുടെ അപ്പച്ചൻ സൃഷ്ടിച്ച മൃഗമാണല്ലോ നമ്മെ ഒന്നും ചെയ്യുകയില്ല” എന്ന് ധൈര്യപ്പെടുത്തി.

ഗ്രാമത്തിൽ ചെല്ലുമ്പോഴേക്കും വൈകുനേരം 5 മണിയായി. സുവിശേഷം ശീഘ്രമായി അറിയിച്ച് മടങ്ങി. എന്നാൽ സ്ഥലവാസികൾ ഞങ്ങളെ മടങ്ങിപ്പോകരുതെന്ന് തടസ്സപ്പെടുത്തി. കാരണം പകുതിദൂരം പോകുമ്പോഴേക്കും ഇരട്ടിപ്പോകും; ചെന്നുചേരാനും സാധിക്കുകയില്ല; വഴിയിൽ വന്യമൃഗങ്ങളും ഉണ്ടായിരിക്കും. എന്നിരുന്നാലും ഞങ്ങളെ തടസ്സപ്പെടുത്തിയ ഗ്രാമവാസികൾ ചില നിയന്ത്രണങ്ങൾ കാരണം ഞങ്ങൾ അവരുടെ ഏതെങ്കിലും വീടുകളിൽ തങ്ങുവാനും സമ്മതിച്ചിരുന്നില്ല. അതനുസരിച്ച് ഞങ്ങൾ അവരുടെ വീടുകളുടെ തിണ്ണകളിൽപ്പോലും കിടന്നില്ല. വിശപ്പും കലശലായി. നടന്നിട്ടുണ്ടായ ക്ഷീണം അതിന് പുറമേ കൈവശം പണവുമില്ല. വേറെ ഗ്രാമത്തിൽ ചെന്ന് താമസിക്കാമെന്ന് വെച്ചാൽ അവിടെയും ഈ വക നിയതണം ഒക്കെയുണ്ട്.

സമീപത്ത് മുള ലോറി പോകുന്ന പാതയുണ്ട്. ഈ പാത എവിടെക്കാണ് പോകുന്നതെന്ന് ചോദിച്ചു 11 മൈലകലേയുള്ള ഒരു ചെറിയ നഗരത്തിലേക്ക് (ഡെംഗനിക്കോട്ട) പോകുന്നു എന്നറിഞ്ഞു. മുമ്പോട്ട് പോയാൽ മലയും കുന്നുകളുമടങ്ങിയ പ്രദേശമാണെന്നും കീഴോട്ട് കുറെ ദൂരം പോയാൽ സമതലവും അതിലൂടെ 11 മൈൽ കഴിഞ്ഞാൽ ഒരു ചെറിയ ഗ്രാമവും ഉണ്ടെന്നറിഞ്ഞു. നഗരത്തേക്ക് ചെന്ന് രാത്രി അവിടെ കഴിച്ചുകൂട്ടാമെന്ന് തീരുമാനിച്ചു. എന്നാൽ വിശപ്പിനെ ഞങ്ങൾക്ക് അതിജീവിക്കുവാൻ കഴിഞ്ഞില്ല. നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ഗ്രാമം കാണാറായി. അതിൽ ഒരു ചായക്കടയും അതിന് ചുറ്റും വെടിപറഞ്ഞുകൊണ്ടിരിക്കുന്ന കുറെ ആളുകളെയും കണ്ടു. ചായ വാങ്ങിക്കുവാൻ എന്റെ പക്കൽ പൈസ ഇല്ല. സഹോ: ഹിൽട്ടന്റെ പക്കലും പണമില്ല. ഞാൻ സഹോദരനോട് ഒരു പാട്ട് പാടാം എന്നും വിശപ്പോടുകൂടി സുവിശേഷം അറിയിക്കാം എന്നും പറഞ്ഞു. ഒടുവിൽ ഓരോ ചായ തരാതിരിക്കില്ലല്ലോ!

പാടാൻ തുടങ്ങി; പ്രസംഗിക്കാൻ തുടങ്ങി. പ്രസംഗം അവസാനിച്ചതും ചായപ്പാത്രം കഴുകിവെച്ചതും ഒന്നിച്ചു കഴിഞ്ഞു. അതെ ചായ തീർന്നുപോയി! ഞങ്ങൾക്കുണ്ടായ ചേതോവികാരം എങ്ങനെയിരുന്നെന്നോ? ഇനിയും ഇവിടെ നിൽക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് വിചാരിച്ച് ഉടനെ നടക്കാൻ തുടങ്ങി.

ആകാശം ഇരുണ്ടു ഇടി മുഴങ്ങി; മഴയും പെയ്തു തുടങ്ങി. കുറെ ദൂരം ഓടുക, പിന്നീട് നടക്കുക ഇങ്ങിനെ ഒരിടത്തും നിൽക്കാതെ മഴയത്ത് നടന്നുകൊണ്ടിരുന്നു. ഞാൻ മഴക്കോട്ടും വെള്ളം കടക്കാത്ത തൊപ്പിയും ധരിച്ചിരുന്നു. ബൈബിളിനെ നനയാതെ ആശ്ലേഷിച്ചിരുന്നു. സഹോ. ഹിൽട്ടൻ തന്റെ കുട പിടിച്ചിരുന്നു. രണ്ടുപേരും പരസ്പരം സംസാരിക്കാതെ നടന്നുകൊണ്ടിരുന്നു. കനത്ത മഴകാരണം ഒരു മരച്ചുവട്ടിൽ കുറച്ചുനേരം വിശ്രമിച്ചു. എനിക്ക് വിശപ്പ സഹിക്കാനാവാതെ കരയുമെന്ന മട്ടിലായി. മഴയത്ത് കരഞ്ഞാലും ആർക്കും കാണാൻ സാധിക്കുകയില്ലല്ലോ! ഞാൻ വിശപ്പ് സഹിക്കാഞ്ഞ് തൊപ്പിയിൽ മഴവെള്ളം പിടിച്ചുകുടിച്ചു. വീണ്ടും ഓട്ടവും നടത്തയുമായി യാത്ര തുടർന്നു. അപ്പോൾ മുളകയറിയ ഒരു ലോറിവന്നു. ഞങ്ങളെ കണ്ടതും ലോറി നിർത്തി ഡ്രൈവർ എന്നോട് “സാർ, അകത്ത് കയറണം” എന്നാവശ്യപ്പെട്ടു. അകത്ത് എനിക്ക് ഒരാളിന് മാത്രമേ സ്ഥലമുണ്ടായിരുന്നുള്ളു. സഹോ: ഹിൽട്ടൻ ആവേശത്തോടുകൂടി

മുളയുടെ പുറത്ത് കയറി. മഴ സ്വൽപ്പം കുറഞ്ഞു വണ്ടിയും പുറപ്പെട്ടു. ഇപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം പ്രശ്നമൊന്നുമില്ല. എന്നാൽ സഹോ: ഹിൽട്ടൻ അവസ്ഥ അദ്ദേഹം പിന്നിടെന്നോട് പറഞ്ഞപ്പോൾ ഞാൻ ദുഃഖിതനായി.

ലോറി പോകുമ്പോൾ മരക്കൊമ്പുകൾ ദേഹത്ത് ഉരസ്സി വനത്തിലൂടെയുള്ള പാതയായതുകൊണ്ട് വളഞ്ഞുപോകുമ്പോൾ വലതുവശം തിരിഞ്ഞു മറിഞ്ഞ് വളരെ പ്രയാസപ്പെട്ടു. ലോറിക്കകത്ത് ഒരു നേരമ്പോക്ക്! ഡ്രൈവർ എന്നോടൊരു ചോദ്യം ചോദിച്ചു. സാർ, ജീപ്പില്ലേ? ഞാനും ചുരുക്കത്തിൽ ഇല്ലെന്നു മാത്രം പറഞ്ഞ് വിവരിക്കാതെ ഒഴിഞ്ഞു ഒരക്ഷരവും മിണ്ടിയില്ല. യാത്രക്കൂലിയായി പണമെന്തെങ്കിലും ചോദിച്ചാൽ എന്താണ് മാർഗ്ഗമെന്ന് ചിന്തിക്കുകയായിരുന്നു ഞാൻ. ഒരു ചുരുങ്ങിയ പ്രാർത്ഥനയും നടത്തി. വണ്ടി കാടുകളെ തരണം ചെയ്ത് ഡെംഗനിക്കോട്ട എത്തി. ഞങ്ങളെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാഫീസിന്റെ ഗേറ്റിങ്കൽ ഇറക്കി, ഡ്രൈവറും ഇറങ്ങി എന്റെ കൈക്കുള്ളിൽ കറൻസി നോട്ടുകൾ തള്ളിക്കയറ്റി. അയാൾ എനിക്ക് സഹായം ചെയ്യുകയാണെന്ന് വിചാരിച്ച് വേണ്ടാ വളരെ നന്ദിയുണ്ട് എന്ന് പറഞ്ഞ് ഞാനത് തിരസ്കരിച്ചു. വീണ്ടും പ്രേരിപ്പിക്കുന്നെങ്കിൽ എന്റെ വിശപ്പിന്റെ കാഠിന്യം മൂലം ആ രൂപ സ്വീകരിക്കുമായിരുന്നു! പക്ഷേ ഡ്രൈവർ എനിക്ക് സലാം പറഞ്ഞ് രൂപ തിരികെ വാങ്ങി സ്വന്തം കീശയിൽ ഇട്ട് ബഹുമാനപുരസരം യാത്ര തിരിച്ചു. അയാൾ എന്തിന് എനിക്ക് രൂപ തരണം?

സഹോ: ഹിൽട്ടൻ പറഞ്ഞപ്പോഴാണ് വസ്തുത മനസ്സിലായത്. അവർ എന്റെ മിലിട്ടറി മഴക്കോട്ടും തൊപ്പിയും കണ്ട് ഞാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്ററിന്റെ മേലധികാരി എന്ന് വിചാരിച്ചിട്ടായിരുന്നു ഞങ്ങളെ ബഹുമാനിച്ചത്. അപ്പോഴാണ് ആരംഭത്തിൽ ഡ്രൈവർ ജീപ്പില്ലേ എന്ന് ചോദിച്ചതിന്റെ പൊരുൾ മനസ്സിലായത്.

എങ്ങനെ ധരിച്ചിരുന്നുവോ എന്തോ! ഏതായാലും അധികം നടക്കാതെ ഡെംഗനിക്കോട്ട എത്തി! നന്ദി. രാത്രി മണി 9.30 ആയി. ആ സ്ഥലത്ത് ഒരു പ്രത്യേകത; ഒരൊറ്റ കസ്ത്യാനിപോലുമില്ല. പള്ളിയുമില്ല.

ഞാൻ അറിയുന്ന ഒരു ക്രിസ്തീയ പോലീസ് സബ് ഇൻസ്പെക്ടർ സ്ഥലം മാറി അവിടെയുള്ളതായി ചില വർഷങ്ങൾക്ക് മുമ്പ് കേട്ടിരുന്നു. അദ്ദേഹത്തെയെങ്കിലും കാണാമല്ലോ എന്നോർത്ത് പോലീസ് സ്റ്റേഷൻ തിരക്കി

അവിടെയെത്തി. അവിടെ ഏതോ പരിപാടികൾ നടക്കുന്നതായി അറിഞ്ഞു. ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു കോൺസ്റ്റബിളിനെ സമീപിച്ച് സബ് ഇൻസ്പെക്ടർ ശാമുവേലിനെ കാണണമെന്നാവശ്യപ്പെട്ടു. ഉടനെ അയാൾ ഇച്ഛാഭംഗത്തോടുകൂടി അയ്യോ, അദ്ദേഹം ജീപ്പിൽ കയറി പോയതേയുള്ളൂ എന്ന് പറഞ്ഞു. മടങ്ങി എപ്പോൾ വരുമെന്ന് ചോദിച്ചതിന്ന് മടങ്ങി വരികയില്ല. അദ്ദേഹത്തിന്ന് സ്ഥലമാറ്റം ലഭിച്ചുപോയതാണ്; അദ്ദേഹത്തിന് യാത്ര അയപ്പ് സൽക്കാരം നൽകിയാണ് അയച്ചതെന്ന് കേട്ട ഉടനെ എന്റെ വയറ് പതിന്മടങ്ങ് കത്താൻ തുടങ്ങി!

നിരാശപ്പെട്ട് പരസ്പരം നോക്കി എന്തു ചെയ്യണമെന്നറിയാതെ തരിച്ചുനിന്നുപോയി! പിന്നീട് ആ കോൺസ്റ്റബിളിനോട് തന്നെ അയാളറിയുന്ന ക്രിസ്ത്യാനികൾ ആരെങ്കിലും അവിടെയുണ്ടോ എന്ന് ചോദിച്ചു. ആ സ്ഥലത്ത് അങ്ങനെ ആരുമില്ല. എങ്കിലും തഹസീൽദാരാഫീസിൽ ഒരു ക്രിസ്ത്യാനിയായ ക്ലാർക്ക് പുതിയതായി സ്ഥലം മാറി വന്ന് ആ ഓഫീസിൽ തന്നെ താമസിക്കുന്നു എന്ന് പറഞ്ഞു ഉടനെ അവിടെ ചെന്നു. അയാളും അവിടില്ലായിരുന്നു. സിനിമ കഴിഞ്ഞ് 11 മണിക്കയാൾ വന്നുചേർന്നു. ഞങ്ങൾ ഞങ്ങളുടെ നിലയെ അറിയിച്ചു. വിശപ്പിന്റെ കാര്യം മാത്രം പറഞ്ഞില്ല.

**അതൊരു ദുരഭിമാനത്തിന്റെ പ്രശ്നമായിരുന്നു.**

ഊണു കഴിച്ചുവോ എന്നയാൾ തന്നെ ചോദിക്കുമെന്ന് കാത്തിരുന്നു. അയാൾ ഒന്നും അതിനെക്കുറിച്ച് ചിന്തിച്ചതേയില്ല. കാരണം അയാൾ അപ്പോഴാണ് ഊണും കഴിഞ്ഞ് പല്ലിട കുത്തിക്കൊണ്ടിരുന്നത്. ആഫീസിൽ വേറെ ആരെയും താമസിപ്പിക്കാൻ പാടില്ല. എന്നാൽ ഇവിടെ പഞ്ചായത്ത് കമ്മീഷണർ ആയിരിക്കുന്നത് ഒരു ക്രിസ്ത്യാനിയാണ്. അദ്ദേഹം ഈയ്യിടെയാണ് സ്ഥലംമാറ്റം കിട്ടി ഇവിടെ വന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ വീട്ടിൽ നിങ്ങളെ കൊണ്ടു ചെന്നാക്കാം. ഈ 12 മണി സമയത്ത് കതക് തട്ടിവിളിച്ചാൽ അദ്ദേഹത്തിന് ശല്യമായിരിക്കുമോ എന്ന് പറഞ്ഞുകൊണ്ട് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. അപ്പോൾ ഞങ്ങൾ പ്രാർത്ഥിച്ചു

**മുട്ടുന്നവന്ന് തുറക്കും –**

കതകു തട്ടിയ ഉടനെ തുറന്നു. ഞങ്ങളെ കൂട്ടിക്കൊണ്ടുപോയ ആൾ മാത്രം

അകത്തു പോയി അൽപ്പനേരം കൊണ്ട് അയാൾ പുറത്തുവന്ന് ഞങ്ങളെ ക്ഷണിച്ചു. ആ ആഫീസർ ഞങ്ങളെ സ്നേഹപൂർവ്വം സ്വീകരിച്ചത് ഹൃദ്യമായിരുന്നു. എന്നാൽ അദ്ദേഹത്തിന് ശബ്ദിക്കുവാൻ കഴിയില്ലായിരുന്നു. വെല്ലൂർ ആശുപത്രയിൽ നിന്നും ഒരു ശസ്ത്രക്രിയ കഴിഞ്ഞ് വന്നതേയുള്ളു. അതുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി ഒരു സ്ലേറ്റിൽ എഴുതി “സെഖര്യാവിനെ”പ്പോലെ അറിയിച്ചു.

ഞങ്ങളുടെ നില വ്യക്തമാക്കി. സംസാരത്തിനിടയിൽ ഊണുകഴിച്ചുവോ എന്ന് തിരക്കിയ തൽക്ഷണം എന്റെ വയറു ശാന്തമായി. അധികം വിവരിക്കാതെ യാതൊരു സങ്കോചവും കൂടാതെ “ഇല്ല” എന്ന ഒരു വാക്കിൽ ഉത്തരം പറഞ്ഞു. അദ്ദേഹം ഭാര്യയോടു ചോദിച്ചു. അവർ ചോറു ഇല്ലെന്ന നിസ്സഹായത അറിയിച്ചു.

ഉടനെ ഞങ്ങളെ കൂട്ടികൊണ്ടു പോയ ക്ലാർക്കിനെ ഭക്ഷണം വാങ്ങിക്കൊണ്ടു വരുവാൻ കടയിലേക്കയച്ചു. അര മണിക്കൂർ കഴിഞ്ഞു അയാൾ മടങ്ങിവന്ന് ഒരു കടയിലും ഭക്ഷണം ഇല്ലെന്നും ഒരു കടയിൽ പെറോട്ട മാത്രം ഉണ്ടു. കറികളൊന്നുമില്ലെന്നും അറിയിച്ചു. വേറെ ഗത്യന്തരമൊന്നുമില്ലാതെ ഞങ്ങളെത്തന്നെ അയാളുടെ കൂടെ അയച്ചു അവയും തീരുന്നതിനുമുമ്പ് വാങ്ങിച്ചു, പഴവും വാങ്ങിക്കൊടുത്തു കൂട്ടി കൊണ്ടുവരുവാൻ ഉത്തരവിട്ടു. എങ്ങിനെയോ തിന്നു ക്ഷീണം തീരുവോളം നന്നായി കിടന്നുറങ്ങി. രാവിലെ ഞങ്ങളുടെ കുടിലിൽ ചെല്ലാൻ അദ്ദേഹം തന്നെ ലോറി ഏർപ്പാടുചെയ്തു. ദൈവത്തിനു സ്തോത്രം. എന്നാലും ഞാൻ പ്രവർത്തിച്ചിരുന്ന ആ ദിവസങ്ങൾ എന്റെ ഓർമ്മയിൽ നിന്നും മാഞ്ഞുപോയിട്ടില്ല. പല സംഭവങ്ങളും എന്റെ സ്മൃതിപഥത്തിൽ ഇപ്പോഴും പൊന്തിവരുന്നു.

അതിന്റെ പ്രതികരണമാണ് ഈ അനുഭവസാക്ഷ്യം. പ്രസ്തുത പ്രവർത്തനം ഇപ്പോഴും തുടർന്നു വരുന്നു. അവിടെ ഒരു ദേവാലയം, അദ്ധ്യാപകർക്കു താമസിക്കുവാൻ സൗകര്യമുള്ള നല്ല കെട്ടിടങ്ങൾ എന്നിവ ഉയർന്നു വന്നിട്ടുണ്ട്. ദൈവത്തിനു സ്തോത്രം. ആ സുവിശേഷ വേലക്കു വേണ്ടി പ്രർത്ഥിക്കുവിൻ.

ഇത്രയും പ്രതിസന്ധികളിലൂടെ കടന്നുവന്ന ഞാൻ തുടർന്നും ക്രിസ്തുവിനുവേണ്ടി കഷ്ടങ്ങൾ സഹിക്കുവാൻ ദൃഢപ്രതാജ്ഞനാണ്.

എനിക്കു മാത്രമെ ഈ തരത്തിലുള്ള അനുഭവം ഉള്ളു എന്ന് വിചാരിക്കേണ്ട, എന്നേക്കാളധികം കഷ്ട്ടങ്ങൾ സഹിച്ചവർ അനേകരുണ്ടു. അവരെയെല്ലാം

നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണമേ. ഇതുപോലെ സുവിശേഷ വേലക്കാരെ അയക്കുന്നതായ എല്ലാ സ്ഥാപനങ്ങളെയും സഹായിക്കുവിൻ, അവർക്കുവേണ്ടിയും ദിവസേന പ്രാർത്ഥിപ്പിൻ. “ഇവർ ആർ?...... ഇവർ മഹാ കഷ്ടത്തിൽ നിന്നു വന്നവർ...... (വെളി: 7:13,14). “ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവന്നുവേണ്ടി കഷ്ടം അനുഭവിക്കാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു (ഫിലി: 1:29).

“.....ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്” (മത്താ: 5:10).

**വേല, വേലക്കാർ, വേലസ്ഥാപനം:**

യഥാർത്ഥ സുവിശേഷ വേല സ്ഥാപനങ്ങൾ പകുതിയിൽ വെച്ചുതന്നെ നിന്നുപോയി. അഥവാ, നിന്നുപോകും.

**കാരണം**

1) പണമില്ല.
2) വേലക്കാർ യഥാർത്ഥത്തിൽ വിളിക്കപ്പെടാത്തവർ
3) നമ്മുടെ വിശ്വാസികളെ ആശ്രയിച്ച് വേല ആരംഭിക്കുമ്പോൾ തുടർന്ന് സംഭാവനകൾ നൽകാം എന്ന് പ്രതിജ്ഞ ചെയ്തിട്ട് കുറെ മാസങ്ങൾ മാത്രം പണം അയച്ചിട്ട് നിറുത്തിക്കളയുന്നു.
4) വേലക്കാരെയും അവരുടെ കുടുംബത്തിന്റെ ആവശ്യങ്ങളെയും കുറിച്ച് സ്ഥാപനം നടത്തുന്നവർ കരുതുന്നില്ല.
5) വേലക്കാരെ സാമ്പത്തികമായിമാത്രം സഹായിച്ചാൽ പോരാ. പ്രാർത്ഥനയിലും സഹായിക്കണം. അങ്ങനെ പ്രാർത്ഥനയില്ലായ്മ എല്ലാ വേലയ്ക്കും തടസ്സമായിത്തീരുന്നു (1 പത്രോസ് 4:7).
6) ചില സ്ഥാപനങ്ങൾ മിഷണറിമാർക്ക് കൊടുക്കുന്ന പണം അവരുടെ പ്രാഥമിക ആവശ്യത്തിന് പോലും തികയുന്നില്ല.

**ഫലം :**

തങ്ങളുടെ ജോലിയെല്ലാമുപേക്ഷിച്ച് മുഴുവൻ സമയവും വേലയ്ക്ക് വന്നവരുടെ വയറ് പട്ടിണി, കുടുംബം കഷ്ടതയനുഭവിക്കുന്നു. സുവിശേഷ വേലയെ ഉപേക്ഷിക്കേണ്ടിവരുന്നു. സ്ഥാപനവും പ്രവർത്തനവുമില്ലാതെ നിലച്ചുപോകുന്നു.

പ്രാർത്ഥിക്കാം.

# തിരിഞ്ഞുനോട്ടം

**പണവിഷയത്തിൽ എന്റെ അനുഭവം**

**നമ്പർ 2**

1977–ാം വർഷംവരെ എന്റെ ദൈവവേലയിൽ 672 സഭകൾ സന്ദർശിച്ചു പ്രസംഗിച്ചിട്ടുണ്ട്. ഇതിൽ കൂടുതലായി പ്രസംഗിച്ചിട്ടുള്ളതു സി.എസ്.ഐ. മാർത്തോമ സഭകളിലാണ്.

ഓരോ സ്ഥലങ്ങളിലും എന്നെ നടത്തിയവിധം ശുശ്രൂഷിച്ചവിധം യാത്ര ചെലവ് തന്നത് എന്നിവയിൽ സ്ഥലത്തിനു സ്ഥലം വ്യത്യാസമായി അനുഭവപ്പെട്ടു.

പ്രത്യേകമായി ഒരു സംഭവത്തെ ഞാൻ തിരിഞ്ഞു നോക്കുന്നു. പഴയ സംഭവങ്ങളെ ഓർക്കുന്നതിൽ ഒരു മാധുര്യം ഉണ്ട്.

1976–ൽ ഒരു വലിയ യോഗത്തിൽ പ്രസംഗിക്കുവാൻ ഞാൻ ക്ഷണിക്കപ്പെട്ടു.

എല്ലാ ഏർപ്പാടും വളരെ കേമമായിരുന്നു. യോഗത്തിൽ പങ്കെടുത്ത ജനങ്ങളുടെ എണ്ണം 7000 ത്തോളമാണ്. യോഗം വളരെ ആശീർവാദമായിരുന്നു. പരിശുദ്ധാത്മാവ് ശക്തിയായി പ്രവർത്തിച്ചു.

യോഗത്തിന്റെ അവസാനം രാത്രി നന്ദി പ്രകടനം ഉണ്ടായിരുന്നു. എന്നെ ആകാശത്തോളം പുകഴ്ത്തി പറഞ്ഞു. അതിൽ ഞാൻ ഡോക്ടർ ജോലിയെ ഉപേക്ഷിച്ചതിനെ ത്യാഗമായി ചൂണ്ടി പറഞ്ഞു. ആ യോഗത്തിൽ രണ്ടു ബിഷപ്പ് മാർ അധ്യക്ഷം വഹിച്ചിരുന്നു. അവസാന ദിവസയോഗത്തിൽ ഭാരവാഹികൾ വഴിപാടിനെയും വരവു ചിലവിനെയും വളരെ ഗൗരവമായി പറഞ്ഞു. എല്ലാ ചെലവുകളും കഴിച്ച് ബാക്കി നമ്മുടെ കൈയ്യിൽ 4750 രൂപ ഉണ്ടെന്നു പറഞ്ഞപ്പോൾ ജനങ്ങൾ എത്ര ധാരാളമായി ദൈവത്തിനു കൊടുക്കുവാൻ തുടങ്ങി എന്നു വിചാരിച്ച് സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചു. യോഗം കഴിഞ്ഞു ആശംസകൾ പറഞ്ഞു എന്നെ ടാക്സിയിൽ കയറ്റി 20 മൈൽ ദൂരത്തിലുള്ള റെയിൽവേ സ്റ്റേഷനിലേക്കു അയച്ചു. ടാക്സിക്ക് താങ്കൾ പണം കൊടുക്കേണ്ട ഞങ്ങൾ കൊടുത്തു എന്നു പറഞ്ഞ്

ഒട്ടിച്ച ഒരു കവർ അവർ എന്നെ ഏൽപ്പിച്ചു. ഇത് നിങ്ങളുടെ ദൈവവേലക്കും യാത്ര ചെലവിനും വേണ്ടി വെച്ചു കൊള്ളുവാനും പറഞ്ഞു യാത്രയയച്ചു.

ആ കവർ വലിപ്പമുള്ളതായിരുന്നു അത് എന്നെയും ഗൗരവപ്പെടുത്തി. അടുത്ത യോഗത്തിനു പോകും മുമ്പേ ചില പ്രധാന കാര്യമായി സേലത്തു പോയി മടങ്ങി മറ്റൊരുയോഗ സ്ഥലത്തേക്കു പോകുവാൻ ഞാൻ തീരുമാനിച്ചു. യോഗഭാരവാഹികൾ ഏർപാടു ചെയ്ത ടാക്സി റയിൽവേ സ്റേഷനിൽ എത്തിയശേഷം തിരിച്ചയച്ചു.

അവിടെ നിന്നും കോയമ്പത്തൂർ വരെ മറ്റൊരു ടാക്സിയിൽ പോയി എക്സ്പ്രസ് ട്രെയിനിൽ സേലം പോകുവാൻ തീരുമാനിച്ചു. ടാക്സി ഡ്രൈവർ ഒരു നിശ്ചിത തുക തന്നെ ആവശ്യപ്പെട്ടു.

ചില മണിക്കൂറുകൾ കാർ എവിടെയും നിൽക്കാതെ കോയമ്പത്തൂരിനടുത്ത് വന്നു ചേർന്നു. അത് ഒരു ഗ്രാമമായിരുന്നു. ഡ്രൈവർ കാറിനെ ഒരു വശത്തു നിർത്തി. സാർ ഇത് ചെറിയ കടയാണെങ്കിലും ഇവിടത്തെ ചായ നന്നായിരിക്കും എന്നു പറഞ്ഞു. രണ്ടുപേരും ചായ കഴിച്ചിട്ട് പണം ഞാൻ കൊടുക്കാമെന്നു പറഞ്ഞു. എന്റെ പോക്കറ്റിൽ ചില്ലറ ഇല്ലാത്തതുകൊണ്ട് യോഗത്തിൽ തന്ന കവറിനെ പൊട്ടിച്ചു അതിലുണ്ടായിരുന്ന രൂപയെ മാറ്റേണ്ടിവന്നു.

**കവർ പൊട്ടിക്കപ്പെട്ടു :**

വേഗമായി മറ്റുള്ളവർ കാണാത്തവിധത്തിൽ കവറിനെ പൊട്ടിച്ചു. കെട്ടായിരുന്ന രൂപ മുഴുവനും ഒറ്റ രൂപാനോട്ടുകളായിരുന്നു. അതാണു വലിപ്പത്തിനു കാരണം. ആദ്യമായി മൊത്തം എത്ര രൂപ ഉണ്ടെന്നു എണ്ണി നോക്കുവാൻ ആഗ്രഹിച്ചു. മൊത്തം 80 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടു ചായ ഒരു രൂപ കൊടുത്തു (അന്നു ഒരു ചായക്കു 30 പൈസ) 40 പൈസ തിരിച്ചു വാങ്ങിച്ചു. ബാക്കി എന്റെ പക്കൽ 79 രൂപ 40 പൈസ ഉണ്ടായിരുന്നു.

ഇതിൽ ഗമയായി കോയമ്പത്തൂർ വരെ കാറിൽ സവാരിചെയ്തതിന് 75 രൂപയാണ് കൊടുക്കേണ്ടതു. എന്നാൽ ആ സ്ഥലത്തിൽ വച്ചുതന്നെ കാറിനു കൊടുക്കേണ്ട 75 രൂപയും കൊടുത്തു കണക്കുതീർത്തു. ഇപ്പോൾ എന്റെ കൈയ്യിൽ 4 രൂപ 40 പൈസയാണ് സ്വത്തു. കാറിൽ ഇരുന്നു കൊണ്ടു തന്നെ ആലോചിക്കുവാൻ തുടങ്ങി. ഇനി സേലത്തിലേക്കു എങ്ങനെ പോകും. ആരോട് പണം ചോദിക്കും. എനിക്ക് ഒരു

സ്വഭാവം ഉണ്ട്. കൂട്ടുകാരോടൊപ്പം ഹോട്ടലിലേക്കു ചെന്നാൽ ബില്ല് ഞാൻ തന്നെ കൊടുക്കുകയുള്ളൂ. അങ്ങനെ എന്റെ കൈയ്യിൽ പൈസയില്ലെങ്കിൽ ആരുവിളിച്ചാലും ഹോട്ടലിലേക്കു ഞാൻ പോവുകയില്ല.

ഇപ്പോൾ സുവിശേഷവേലക്ക് വന്നശേഷവും ഈ സ്വഭാവം എന്നെ വിട്ടു പോയിട്ടില്ല.

ഈ സന്ദർഭത്തിൽ ആരോടും പണം ചോദിക്കുവാനും എനിക്കു ഇഷ്ടമുണ്ടായില്ല. മാത്രമല്ല കോയമ്പത്തൂരിൽ എനിക്ക് കൂട്ടുകാരും സഹോദരങ്ങളും ഡോക്ടർമാരും അനേകം ഉണ്ട്.

എന്നാൽ പണത്തിനു വേണ്ടി ആരുടെ വാതിലും തട്ടുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

ഈ ആലോചനയിൽ തന്നെ കാർ റെയിൽവേ സ്റേഷനിലേക്കു തിരിക്കുവാൻ പറഞ്ഞു.

കോയമ്പത്തൂർ സ്റ്റേഷനിൽ ഇറങ്ങി ഒരു പ്ലാറ്റ്ഫോം ടിക്കറ്റ് വാങ്ങി അവിടെ ഒരു ബെഞ്ചിൽ ഇരുന്നു. യാത്ര ടിക്കറ്റ് വാങ്ങുവാൻ പണമില്ല. സേലത്തിലേക്കു പോകുവാൻ ടിക്കറ്റിന്റെ വില 10 രൂപയാണ്. എന്തുചെയ്യും.

സേലത്തിലേക്കു വൈകുന്നേരം വേഗതയുള്ള അഞ്ച് ട്രെയിനുകൾ ഉണ്ട്. ആദ്യത്തെ വണ്ടി വന്നു. എഞ്ചിനിൽ നിന്നും ഗാർഡു പെട്ടി വരെ രണ്ടു പ്രാവശ്യം നടന്നു.

കാരണം എന്റെ വീട് സേലം ജംഗ്ഷൻ റയിൽവേ സ്റേഷനു സമീപത്തിലായിരുന്നാലും എന്റെ അച്ഛൻ റയിൽവേയിൽ ജോലി ചെയ്തതു കാരണം എനിക്കു പരിചയമുള്ള ഡ്രൈവർ, റ്റിക്കറ്ററു പരിശോധകർ ഗാർഡുകൾ ആരെങ്കിലും കണ്ടുമുട്ടുകില്ലേ എന്നു ശ്രദ്ധിച്ചു കൊണ്ടിരുന്നു.

ആ റയിൽവേ ജോലിക്കാർ എന്നെ സേലം ഫ്ളാറ്റ് ഫോറത്തിൽ വച്ചു കണ്ടാൽ എന്നെ തങ്ങളോടു കൂടെ ട്രെയിനിൽ വരുവാൻ നിർബന്ധിക്കും.

അങ്ങനെ സ്നേഹഭാവത്തിൽ ആരെങ്കിലും ഇന്നു വിളിക്കുമോ എന്ന് ആഗ്രഹത്തോടു കൂടെ ഞാൻ തേടി നടന്നു. എന്നെ ആരും വിളിച്ചിരുന്നില്ല. ആദ്യത്തെ ട്രെയിൻ പോയിക്കഴിഞ്ഞു. അടുത്തതും പോയി ഇനി ഒന്നര മണിക്കൂർ കഴിഞ്ഞ് തന്നെ അടുത്ത വണ്ടി വരികയുളളു. അതുവരെ ഒരു ബെഞ്ചിൽ ഇരുന്നു. എനിക്കു

പ്രാർത്ഥനക്കുവേണ്ടി വന്ന കത്തുകളെല്ലാം ഓരോന്നായി പൊട്ടിച്ചു കൈവച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അതിൽ പൊട്ടിക്കാത്ത അപ്പോഴത്തെ 20 പൈസ ഇൻലണ്ട് കവർ ഉണ്ടായിരുന്നു. മലയാളത്തിൽ എഴുതപ്പെട്ടതുകൊണ്ടും വായിക്കാൻ അറിയാത്തതുകൊണ്ടും വായിക്കാൻ അറിയാവുന്ന ഒരാൾ കിട്ടുന്നതുവരെ പൊട്ടിക്കാതെവയ്ക്കും.

വെറുതേ ഇരിക്കുമ്പോൾ എല്ലാ കത്തുകളേയും പൊട്ടിക്കാമെന്നു വച്ച് ഓരോന്നായി പൊട്ടിച്ചു കൊണ്ടിരുന്നു.

അതിൽ ഒരു ഇൻലന്റ് കത്തിൽ നിന്നും മടക്കിയ നിലയിൽ 20 രൂപ നോട്ട് ഒന്നു കണ്ടു. കവറിൽ ചിലർ രൂപ വച്ചു അയക്കുന്നവരുണ്ടല്ലോ. ഇൻലന്റിൽ രൂപവച്ചു അയക്കുവാൻ പറ്റുകയില്ല. അങ്ങനെ വയ്ക്കുന്നത് നിയമവിരുദ്ധമാണ്.

അന്ന് ആ നിലയിൽ ആ രൂപ കണ്ട ഉടനെ വളരെ സന്തോഷം ഉണ്ടായി. ഉടനെതന്നെ മുഴുവൻ വിവരവും അറിയുവാൻ വേണ്ടി സ്റ്റേഷനിലെ ഒരു ചായക്കടക്കാരനെ സമീപിച്ചു വായിച്ച് കേൾപ്പിക്കുവാൻ പറഞ്ഞു, അയാൾ വായിച്ചു തീരുവാൻ 20 നിമിഷം വേണ്ടി വന്നു. അതു ഒരു സഹോദരിയുടെ കത്തായിരുന്നു. അതിൽ ഞാൻ അവരുടെ മകൾക്ക് പ്രാർത്ഥിച്ച് തന്റെ മകളുടെ രോഗം മാറിയതായും ടീച്ചർ ട്രെയിനിംഗിനു തെരഞ്ഞെടുത്തതായും പറഞ്ഞ് 20 രൂപ നന്ദി വഴിപാടായി അയക്കുന്നതായും എഴുതിയിരുന്നു.

ഈ പണത്തിന്റെ വിവരം അറിഞ്ഞ ശേഷം ആ സഹോദരിക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. കർത്താവിന് നന്ദിയും പറഞ്ഞു.

കഷ്ടകാലത്ത് നീ വിളിച്ചു. ഞാൻ നിന്നെ വിടുവിച്ചു. ....... മറവിൽ നിന്ന് ഞാൻ നിനക്ക് ഉത്തരമരുളി. (സങ്കീർത്തനം 81:7).

ഉടനെ ഒരു ഹോട്ടലിൽ കയറി തൃപ്തിയായി ഊണു കഴിച്ചശേഷം രാജാവിനെപ്പോലെ ടിക്കറ്റ് വാങ്ങി ട്രെയിൻ കയറി വീട്ടിൽ എത്തിചേർന്നു.

ചില സ്ഥലങ്ങളിൽ യോഗങ്ങൾ വിളിച്ചുകൂട്ടുന്നവർ സഭകൾക്ക് പണം ശേഖരിക്കുന്നതിനുവേണ്ടി മാത്രമാണ് പ്രശസ്തരായ പ്രസംഗികളെ വിളിക്കുന്നത്. അല്ലാതെ സഭയുടെ മാനസാന്തരത്തിന് വേണ്ടിയല്ല, അവരുടെ ഉദ്ദേശം. ഈ സംഭവം നടന്ന യോഗത്തിലെ ഏർപ്പാടുകളിൽ പന്തൽ, വാൾപോസ്ററ്, മൈക്ക് സെറ്റ് എന്നിവയ്ക്ക് പല ആയിരം രൂപാ ചെലവ് ചെയ്തേക്കും.

യോഗത്തിൽ സംസാരിക്കുവാൻ വേണ്ടി വരുന്ന ദൈവ ദാസൻമാർക്ക് മാത്രം ഇങ്ങനെ പിശിക്കിത്തരം കാട്ടുന്നത് ഏത് തരത്തിൽ ഉത്തമമാകും.

സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണമെന്ന് കൽപിച്ചിരിക്കുന്നു (1 കൊരിന്ത്യർ 9:14).

നാം ദൈവ വേലക്കാരെ ബഹുമാനിക്കുവാൻ പഠിക്കണം. നമ്മുടെ യേശു കർത്താവും തന്റെ ദാസൻമാരെ ആശീർവദിച്ച് പറയുമ്പോൾ നിങ്ങളെ സ്വീകരിക്കുന്നവർ എന്നെയും സ്വീകരിക്കുന്നു എന്ന് പറഞ്ഞു.

ശിഷ്യൻ എന്ന് വച്ച് കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോവുകയില്ല എന്ന് പറഞ്ഞു: മത്തായി 10:42 വിശുദ്ധൻമാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്വിൻ (റോമർ 12:13).

വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നൻമയിലും ഓഹരി കൊടുക്കേണം (ഗലാത്യർ 6:6). ഈ സംഭവം ഏത് സ്ഥലത്ത് ഏത് സഭയിൽ നടന്നുവെന്ന് നിങ്ങൾക്ക് ദേഷ്യത്തോടെ ചോദിക്കുവാൻ തോന്നും എന്ന് എനിക്കറിയാം.

സ്ഥലം പറഞ്ഞാലും പേരു പറയാൻ പാടില്ല എന്ന ഒരു പഴഞ്ചൊല്ലുണ്ട്. എന്നാൽ ഞാൻ സ്ഥലവും പേരും പറയുകയില്ല അതല്ല ഇവിടെ പ്രധാനം.

ഇങ്ങനെ പല അനുഭവങ്ങൾ ഉണ്ട് ഈ ഒരു സംഭവം മാത്രം ഇപ്പോൾ സൂചിപ്പിച്ചു എന്ന് മാത്രം. എന്നാൽ ഇപ്പോൾ എല്ലാ യാത്രയിലും പോകാനും വരാനും പണം കൈയ്യിൽ കരുതിക്കൊള്ളുന്നു. അതുകൊണ്ട് ഭയപ്പെടാതെ യാത്ര ചെയ്യുന്നു. ഈ സംഭവത്തിനുശേഷം വീണ്ടും ഒരു പ്രാവശ്യം കൂടി അതേ സ്ഥലത്ത് എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചിരുന്നു. ഞാൻ എതിർത്തില്ല. യോഗത്തിൽ പരോക്ഷമായിപ്പോലും പണത്തിന്റെ കാര്യം ഞാൻ സൂചിപ്പിച്ചില്ല. അങ്ങനെ ചെയ്യരുതെന്ന് കർത്താവ് എന്നോട് വെളിപ്പെടുത്തിയിരുന്നു.

ആ സ്ഥലത്ത് ഈ പ്രാവശ്യവും ആ ഗതിതന്നെ. ആദ്യത്തെ അത്ര രൂപ തന്നെ തന്നു. എന്നാൽ ഞാൻ ടാക്സിയിൽ കയറാതെ ട്രെയിനിൽ തന്നെ യാത്ര ചെയ്ത് വീട്ടിൽ എത്തി.

സുവിശേഷവേല എന്നത് ഒരു ജീവിത മാർഗ്ഗമല്ല ഒരു വിളി എന്ന് ഞാൻ എപ്പോഴും ഓർക്കും.

ഇത് എഴുതുന്നതുകൊണ്ട് പരോക്ഷമായി ഞാൻ പണം ചോദിക്കുകയാണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കരുത്. പണവിഷയത്തിൽ ഞാൻ എത്തരക്കാരനാണെന്ന് ജാമക്കാരൻ വായനക്കാർക്ക് അറിയാം. ദൈവം എന്നെ നല്ല വിധത്തിൽ കുറവില്ലാതെ നടത്തുന്നു. ഇതുവരെ എനിക്ക് പണവിഷയത്തിൽ കുറവുണ്ടായിട്ടില്ല.

**തിരിഞ്ഞുനോട്ടം ബി**

**യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ (യിരെമ്യാവ് 48:10)**

പല വർഷങ്ങൾക്ക് മുമ്പ് ദൈവവേലയിൽ അനുഭവമുള്ള വലിയ പ്രാസംഗികളോട് അടുത്ത് പഴകുവാനും ചേർന്ന് വേല ചെയ്യുവാനുമുള്ള അവസരം എനിക്ക് ലഭിച്ചു.

ദൈവത്തോട് അടുത്ത് ജീവിക്കുന്ന അവരുടെ വേലയിൽ അവരുടെ ചില ഭയങ്കരമായ ബലഹീനതകൾ എന്റെ മനസ്സിനെ അധികമായി വേദനിപ്പിച്ചിട്ടുണ്ട്.

അതിൽ ഒന്ന് സമ്മതിച്ച സ്ഥലത്തിലേക്ക് അവസാന നിമിഷം വരുവാൻ സാധിക്കുകയില്ല എന്ന് കമ്പി മുഖാന്തിരം അറിയിക്കുന്നത്.

ചില സന്ദർഭങ്ങളിൽ അങ്ങനെ സംഭവിക്കാം. എന്നാൽ ഇതിനെ പ്രാവർത്തികമാക്കിയാൽ അത് വെറുപ്പിന് കാരണമായിത്തീരും.

അതിനുകാരണം ഏത് സ്ഥലത്ത് വരാമെന്ന് സമ്മതിച്ചോ ആ സ്ഥലത്തെ യോഗത്തിനുവേണ്ടി നമ്മെ ഓരോ ദിവസവും പ്രാർത്ഥനയിൽ തയ്യാറാക്കാതെ അവസാനനിമിഷം അതിനെപ്പറ്റി ചിന്തിക്കുന്നതാണ്.

മാത്രമല്ല, യോഗങ്ങൾ നടത്തപ്പെടുന്ന സ്ഥലം എത്തിച്ചേരുന്ന ആളുകളുടെ എണ്ണം ക്ഷണിച്ചവരുടെ പാപ്പരത്വം എന്നീകാര്യങ്ങളെ പ്രതീക്ഷിച്ച് പോകുന്നവർക്കാണു ഇത്തരം അലക്ഷ്യമായി മനക്കരുത്ത് ഉണ്ടാകുന്നത്.

ഞാൻ 1964ൽ തന്നെ സുവിശേഷ വേലക്കായി ഇറങ്ങി. അപ്പോൾ മൂന്ന് സ്ഥലങ്ങളിലുള്ള ആശുപത്രികളിൽ എനിക്ക് ചുമതല നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു.

അന്ന് സ്വന്തമായി മൂന്ന് സ്ഥലങ്ങളിലുള്ള ആശുപത്രി നടത്തി കൊണ്ട് തന്നെ ഓരോ മാസം ഇന്ത്യയിലെ പല സ്ഥലങ്ങളിലേക്ക് ചെന്ന് യോഗം നടത്തി സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു.

എന്നാൽ ഒരു സ്ഥലത്തും സുവിശേഷവേലക്കും ഗ്രാമസുവിശേഷ വേലക്കും കൃത്യമായി പോകാതിരുന്നിട്ടില്ല.

സുഖമില്ലാതേയും കിടപ്പിലായോ അല്ലെങ്കിൽ താമസിച്ചുപോയോ ഒരു സ്ഥലത്തും സുവിശേഷ വേല തടസ്സമായിട്ടില്ല. ഇത് എന്റെ സാമർഥ്യത്തിലോ കഴിവ് കൊണ്ടോ അല്ല, വെറും ദൈവകൃപ കൊണ്ടു മാത്രം. മാത്രമല്ല ദൈവ വേലയിൽ എനിക്കുള്ള വാഞ്ഛയും ഭാരവും മറെറാരു കാരണമാണ്. അതുകൊണ്ടുതന്നെ കർത്താവും എന്നെ ഈ അളവുഉയർത്തി മെച്ചപ്പെടുത്തിയും ഇരിക്കുന്നു. കർത്താവിന് സ്തോത്രം.

## എന്നെ മാനിക്കുന്നവനെ ഞാനും മാനിക്കും എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും 1 ശമു. 2:30

**പുതിയ അനുഭവം**

കേരളത്തിലുള്ള മലപ്പുറത്തിൽ എന്റെ സുവിശേഷ വേല നടന്നുകൊണ്ടിരുന്നു.

അന്ന് അവസാന ദിവസം രാത്രി സഭാപ്രവർത്തകൻ കൈകൾ തിരുമിയവണ്ണം വിഷമിച്ചുകൊണ്ട് നിന്നു.

യോഗം കഴിഞ്ഞയുടനെ കേരളത്തിൽ മറെറാരിടത്ത് 400 മൈൽ ദൂരത്തുള്ള ഒരിടത്തിൽ പിറ്റെ ദിവസം ഉച്ചക്ക് യോഗത്തിനു വേണ്ടി എത്തിച്ചേരേണ്ടതുണ്ട്.

അതിനുവേണ്ടി യാത്രാ സൗകര്യങ്ങളെല്ലം ചെയ്തു കഴിഞ്ഞിരുന്നു. എന്നാൽ ഇപ്പോഴത്തെ അവിടത്തെ പരിതസ്ഥിതിയിൽ വളരെ മാറ്റമുണ്ടായിരുന്നു. അതായത് ട്രാൻസ്പോർട്ട് ജീവനക്കാരെല്ലാം സമരത്തിലാണ്. എനിക്ക് റിസർവ്വ് ചെയ്ത ടിക്കറ്റ് പ്രയോജനമില്ലാതെയായി.

ബസ് സമരക്കാർ ഏത് വാഹനം കണ്ടാലും കല്ലെറിയുന്നു. അതുകൊണ്ട് സ്വന്തം കാറുള്ളവർപോലും തങ്ങളുടെ കാറിൽ മറെറാരു യോഗ സ്ഥലത്തേക്ക് എന്നെ അയ്ക്കാൻ മടിച്ചു.

എങ്ങനെയും പിറ്റെ ദിവസം ഉച്ചക്കു യോഗത്തിനു 400 മൈൽ അകലെയുള്ള ആ സ്ഥലത്തിലേക്കു പോയി ചേരേണ്ടതാണു.

ഏതെങ്കിലും ലോറിയിൽ കയറിയെങ്കിലും അയക്കാമെന്നു അച്ചൻമാർ കരുതി. എന്നാൽ ഒരു ലോറി പോലും വന്നില്ല.

അപ്പോൾ തമിഴ്നാട്ടിൽ നിന്നും മുളകൾ കയറ്റിയ ഒരു ലോറി കേരളത്തിൽ നടക്കുന്ന സമര വിവരമറിയാതെ വന്നു കൊണ്ടിരുന്നു. സഭ അച്ചൻമാർ കുപ്പായത്തോടു കൂടെനിന്നു കൈ കാട്ടിയതുകൊണ്ടു ഉടനെ ഡ്രൈവർ വണ്ടി നിർത്തി. അയാളോട് എന്നെ പറ്റിയ വിവരങ്ങളെല്ലാം പറഞ്ഞറിയിച്ചു. അതിൽ കയറ്റി എന്നെ അയച്ചു. എങ്ങനെയോ അവരുടെ കടമ കഴിഞ്ഞു. പിന്നത്തെ എന്റെ അനുഭവം ഞാനല്ലേ അറിയൂ. ഒരു മണിക്കൂർ നേരം ലോറി എവിടെയും നിൽക്കാതെ ഓടിക്കൊണ്ടിരുന്നു. വഴിയിൽ ചെറുചെറു കൂട്ടം ആളുകൾ ഞങ്ങളുടെ ലോറിയെക്കണ്ടു ശബ്ദമുയർത്തി കൊണ്ടിരുന്നു.

പെരിന്തൽമണ്ണ എന്ന സ്ഥലത്തെത്തിയപ്പോൾ ജനങ്ങൾ ലോറിയെ തടഞ്ഞു നിർത്തി ചുറ്റിലും വളഞ്ഞു നിന്നിരുന്നു.

വേറെ പോംവഴിയില്ലാതെ ഡ്രൈവർ വണ്ടിനിർത്തി എന്നോട് ഇറങ്ങുവാൻ പറഞ്ഞു. ഞാനും ഇറങ്ങി. ഡ്രൈവർ ലോറിയെ ഒരു വശത്തു ചേർത്തു നിർത്തി. സമരം തീരുന്നതുവരെ താൻ അവിടെ തന്നെ താമസിക്കുവാൻ പോകുന്നതായും എന്നോട് ബസ്സ്റ്റാന്റിലേക്കു പോകുവാനും ആവശ്യപ്പെട്ടു. അവിടെ ഏതെങ്കിലും ടാക്സി കിട്ടുമോ എന്ന് ഞാൻ അന്വേഷിച്ചു ആരും വരികയില്ല. അതുകൊണ്ടു അവിടെ ഏതെങ്കിലും ഒരു ലോഡ്ജിൽ അന്നു താമസിച്ചിട്ട് പോകുവാൻ അവിടത്തെ ജനങ്ങൾ അഭിപ്രായങ്ങൾ പറഞ്ഞു.

അടുത്ത ദിവസം ഉച്ചക്കു അടുത്ത സ്ഥലത്ത് യോഗത്തിനു ചെന്നു ചേരണം. പിന്നെ എങ്ങനെ അവിടെ താമസിക്കും.

അപ്പോൾ 40 –ാമത്തെ മൈലിൽ റെയിൽവേ സ്റ്റേഷൻ ഉണ്ടെന്നും ട്രെയിനുകൾ മാത്രം ഓടുന്നുണ്ടെന്നും മനസ്സിലായി.

അവിടം വരെ ആ 40 മൈൽ ദൂരവും നടന്നു പോകുവാൻ തന്നെ ഞാൻ തുനിഞ്ഞു. പലരും എന്നെ തടുത്തു. എന്നാൽ ഞാൻ പെട്ടിയെ എടുത്തുകൊണ്ട് രാത്രി 12.10 മണിക്ക് നടക്കുവാൻ തുടങ്ങി. എന്റെ കൂടെ ആരും വന്നില്ല.

ഒരു മണിക്കൂർ നേരം ടാർ റോഡിൽ കൂടെ നടന്നുകൊണ്ടേയിരുന്നു. തൊണ്ടയിൽ വരൾച്ച തുടങ്ങിയിരുന്നു. ആ ഇരുട്ടിൽ ആരോട് വെള്ളം ചോദിക്കും.

വഴിയിൽ കൊച്ചു ഗ്രാമങ്ങളെ കണ്ടുമുട്ടി. ഒരു സ്ഥലത്തും വീടോ കടകളോ തുറന്നിരുന്നില്ല. പിന്നെയും നടന്നുകൊണ്ടേയിരുന്നു. അപ്പോൾ ആൾ നടപ്പുള്ള

സമയമായിരുന്നില്ല. എനിക്ക് ഭയം തോന്നുമ്പോഴെല്ലാം ദൈവത്തെ സ്തുതിച്ച് ശബ്ദമുയർത്തി പാടും. ശബ്ദമുയർത്തി പാടിയിട്ടും ഏത് ഗ്രാമത്തിലും ഒരുത്തരും കതകു തുറന്നിട്ടില്ല. ഇടയിൽ കാടുകളിലൂടെയും നടന്നുകൊണ്ടേയിരുന്നു.

**പോലീസ് വാൻ**

അപ്പോൾ ഒന്നിനു പുറകിൽ ഒന്നായി പോലീസ് ജീപ്പുകൾ എന്നെ കടന്നുപൊയ്ക്കൊണ്ടിരുന്നു. 4 ജീപ്പുകൾ പോയ്ക്കഴിഞ്ഞ് 5–ാമത്തെ പോലീസ് വാൻ എന്നെ കടന്നുപോയെങ്കിലും പെട്ടെന്നു നിർത്തി പുറകോട്ട് തന്നെ വന്നു എന്റെ അടുത്തുവന്നുനിന്നു. വണ്ടിയുടെ ഹെഡ്ലൈറ്റ് രണ്ടും എന്റെ മേൽ നല്ലവണ്ണം കാണത്തക്കവണ്ണം നിർത്തി. മുൻവശത്തുനിന്നും ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇറങ്ങി. എന്റെ അടുത്തുവന്നു എന്നോട്: നീ ആരാണ്, എവിടേക്ക് പോകുന്നു, നിന്നെക്കണ്ടാൽ എനിക്ക് സംശയമുണ്ട് നിന്റെ പെട്ടിയെ പരിശോധിക്കണം എന്നു പറഞ്ഞു. ഭയങ്കരമായ ഇരുട്ടിൽ പാന്റും ഷർട്ടും ധരിച്ച് ടിപ്പായി ഒരു പെട്ടിയും പിടിച്ച് നിൽക്കുന്നത് അദ്ദേഹത്തിന്റെ സംശയം പതിൻമടങ്ങ് വർദ്ധിപ്പിച്ചു. അവർ പെട്ടി ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ തുറന്നുകാണിച്ചു. ഓരോ ഷർട്ടും കുടഞ്ഞു നോക്കി. അപ്പോൾ എന്റെ പെട്ടിയിൽ ഒരു ജാമക്കാരൻ (News Letter) മാസിക ഉണ്ടായിരുന്നു. അതിൽ എന്റെ പേര്, സുവിശേഷ വേലയെപ്പറ്റിയ വിവരങ്ങളും അഡ്രസും എഴുതിയിരുന്നു.

ഉടനെ അതിനെ അദ്ദേഹത്തെ കാണിച്ചു. ഞാൻ പോകേണ്ട സ്ഥലത്തെയും സമയത്തെയും അറിയിച്ചു. ഈ അത്യാവശ്യ കാര്യംകൊണ്ടും സമയത്തിന് എത്തിച്ചേരാൻ വേണ്ടിയുമാണ് ഞാൻ നടന്നുപോകുവാൻ തുനിഞ്ഞതെന്ന് വിവരിച്ചു പറഞ്ഞു.

അദ്ദേഹം അത് വിശ്വസിച്ചു. എങ്കിലും ഇതുവരെ ആരും ഇങ്ങനെ ഒറ്റക്കു പോയിട്ടില്ല. ഇനി എന്താണ് ഉദ്ദേശം എന്നു ചോദിച്ചു.

എങ്ങനെയെങ്കിലും ട്രെയിൻ കയറി അടുത്ത നാളത്തെ യോഗത്തിനു എത്തി ചേരണം എന്നു പറഞ്ഞു. അതിനു അയാൾ: എന്ത് ഭ്രാന്ത് വല്ലതും ഉണ്ടോ റെയിൽവേ സ്റ്റേഷൻ ഇവിടെ നിന്നും 33 മൈൽ അകലെയാണ്. എങ്ങനെ പോകും? ശരി എന്റെ വണ്ടിയിൽ കയറിക്കോ എന്നു പറഞ്ഞു. വാനിന്റെ പുറകുവശത്തെ വാതിൽ തുറന്നു

കയറുവാൻ പറഞ്ഞു.

അകത്ത് തടവുകാർ കൈകൾ ബന്ധിക്കപ്പെട്ടവരായി വരിയായി സ്ഥലം ഇല്ലാതെ തിങ്ങി ഇരുന്നിരുന്നു. രണ്ടു പേരെ നീക്കിയിരുത്തിയിട്ട് ഇടക്ക് എന്നോട് ഇരിക്കുവാൻ പറഞ്ഞു. വണ്ടി പുറപ്പെട്ടു. തടവുകാർ ഉറങ്ങി എന്റെ മേലെ വീഴാൻ തുടങ്ങി. എന്റെ നിലയെ ഞാൻ ആലോചിച്ചു. എന്നെ എന്തു ചെയ്യുമെന്നു അറിയില്ല. എങ്ങനെയും യോഗത്തിനു തടസ്സം ഉണ്ടാകരുതേ എന്നു മാത്രം പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ഏകദേശം മൂന്നു മണിക്കൂർ നേരം വണ്ടി ഓടിക്കൊണ്ടേയിരുന്നു. അവരോട് സംസാരിക്കുവാൻ അഗ്രഹിച്ചു. വണ്ടിക്കകത്ത് ലൈറ്റ് ഉണ്ടായിരുന്നില്ല. അതുകൊണ്ടു ഒരാളുടെ മുഖം മററൊരാൾക്കു കാണുവാൻ കഴിയുന്നില്ല. ഞാനും മൗനമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

നേരം വെളുത്തു. വണ്ടി എവിടെയോ ഒരു സ്ഥലത്തു നിന്നു. കുറച്ചു നേരം മൗനം. ഉള്ളിലിരുന്നവർ അത് ഏതു സ്ഥലമെന്നറിയുവാൻ വേണ്ടി കമ്പിവലയുള്ള ജനാൽ വഴി പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു.

**റൊട്ടിയും ചായയും**

അൽപ സമയത്തിനു ശേഷം വണ്ടിയുടെ വാതിൽ തുറക്കപ്പെട്ടു. രണ്ടു മൂന്നു പോലീസുകാർ വണ്ടിയിലുള്ള എല്ലാവർക്കും റൊട്ടിയും ചായയും കൊടുത്തു. ഇരുട്ടിൽ എന്റെ കൈയ്യിലും ഒരു റൊട്ടിയും ചായയും എത്തി. വളരെദൂരം നടന്നതുകൊണ്ടും ക്ഷീണവും വിശപ്പും ദാഹവും കൊണ്ടും പല്ലു കൂടിതേയ്ക്കാതെ തിന്നുവാൻ പ്രേരിപ്പിച്ചു. അതു എന്നെ വളരെ ആശ്വസിപ്പിച്ചു.

വീണ്ടും വണ്ടി പുറപ്പെട്ടു. നേരം നല്ലപോലെ വെളുത്തു ഏകദേശം 7–30 മണിയായപ്പോൾ വണ്ടി ഏതോ ഒരു കെട്ടിടത്തിന്റെ ഉള്ളിൽ കടക്കുവാൻ തുടങ്ങുകയായിരുന്നു. ആ കെട്ടിടത്തിൽ വളഞ്ഞ ഒരു ബോർഡ് മലയാളത്തിൽ എഴുതപ്പെട്ടിരുന്നു. വണ്ടിയുടെ അകത്തുണ്ടായിരുന്നവർ അതു വായിച്ചു. എറണാകുളത്തിലുള്ള ഒരു പോലീസ് സ്റ്റേഷൻ എത്തിക്കഴിഞ്ഞു എന്നു പറഞ്ഞു.

അപ്പോഴാണ് എന്റെ അടുത്തിരുന്ന ഒരാൾ എന്നോട് നിന്റെ കേസെന്താണെന്നു ചോദിച്ചത്. ഞാൻ ഉത്തരം പറയും മുമ്പേ വണ്ടിയുടെ വാതിൽ തുറക്കപ്പെട്ടു.

വെളിയിൽ പോലീസുകാർ വരിയായി നിന്ന് കുറ്റവാളികളെ ഇറക്കി എണ്ണി പോലിസ് ലോക്കപ്പിനുള്ളിൽ തളിക്കൊണ്ടിരുന്നു. വരിയായി ഞാനും ഇറങ്ങി.

എന്നെ അവർ തള്ളിയില്ല. അവർ എന്നെ പിടിച്ചു തള്ളുന്നതിനു മുമ്പ് ഞാൻ തന്നെ പോകുവാൻ നിശ്ചയിച്ചു മടിച്ചു ചുറ്റുപാടും നോക്കി.

അപ്പോൾ –

സ്റ്റേഷന്റെ ഉള്ളിൽ നിന്നും സർക്കിൾ ഇൻസ്പെക്ടർ ഒരാൾ പുറത്തുവന്നു.

അവിടെ വിഷമിച്ചുകൊണ്ട് പതുക്കെ വന്നുകൊണ്ടിരുന്ന എന്നെ കണ്ടു.

നിങ്ങൾ ആരാണ്? ഈ വാനിൽ വന്നതാണോ എന്ന് ചോദിച്ചു. അതെ! വഴിക്കു വച്ച് കണ്ട എന്നെ വണ്ടിയിൽ വന്ന ഒരു ഇൻസ്പെക്ടർ വാനിൽ കയറുവാൻ പറഞ്ഞു. ഞാൻ കയറി ഇപ്പോൾ അകത്ത് പോകണോ പുറത്ത് പോകണോ എന്നറിയാതെ നിൽക്കുകയാണ് എന്ന് പറഞ്ഞു. പെട്ടെന്ന് ആ സർക്കിൾ ഇൻസ്പെക്ടർ നിങ്ങളുടെ പേര് എന്താണ്? താങ്കളെ എവിടെയോ കണ്ടതായി ഓർക്കുന്നു എന്ന് പറഞ്ഞു. ഞാൻ എന്റെ പേര് പറഞ്ഞു. ഉടനെ നിങ്ങളല്ലേ യോഗങ്ങളിൽ പ്രസംഗിക്കുന്നത് എന്ന് അഭിമാനത്തോട് കൂടെ ചോദിച്ചു. നിങ്ങൾ എങ്ങനെ ഇവരുടെ കൂടെ വന്നു എന്നും ചോദിച്ചു. ഞാൻ മുഴുവൻ വിവരങ്ങളും പറഞ്ഞു.

ഉടനെ അദ്ദേഹം സർ നിങ്ങളുടെ യോഗത്തിൽ പങ്കെടുത്ത എന്റെ മകൾക്ക് പരിപൂർണ്ണ സൗഖ്യം ലഭിച്ചു. അവസാന ദിവസത്തെ യോഗത്തിന് തലയിൽ കൈവച്ച് പ്രാർത്ഥിച്ചതായി എന്റെ വീട്ടുകാർ പറഞ്ഞു.

എന്റെ മകനും നിങ്ങളുടെ കൂട്ടത്തിലാണ് മാനസാന്തരപ്പെട്ടത്. താങ്കളുടെ യോഗം കേരളത്തിൽ എവിടെ നടന്നാലും എന്റെ വീട്ടിൽ നിന്ന് എന്നെ ഒഴിച്ച് മറ്റ് എല്ലാവരും പങ്കെടുക്കും എന്ന് പറഞ്ഞു നിങ്ങളുടെ മാസിക ഞങ്ങൾക്കും വരുന്നുണ്ട്. അതിൽ ഡിസംബർ മാസം X'mas മാസികയിൽ താങ്കളുടെ ഫോട്ടോയെ ഞാൻ കണ്ടിട്ടുണ്ട്. എന്റെ പോലീസ് ഉദ്യോഗം കാരണം എനിക്കുമാത്രം പങ്കെടുക്കുവാൻ ആഗ്രഹം ഉണ്ടായിട്ടും ഒരിക്കൽപോലും സന്ദർഭം കിട്ടിയില്ല എന്ന് പറഞ്ഞ് സ്റ്റേഷൻ അകത്ത് കൂട്ടിക്കൊണ്ടുപോയി.

ഇപ്പോൾ ആ അധികാരി അധികാരഭാവം മാറ്റി എന്റെ കൈപിടിച്ച് എന്നോട് വിനയത്തോടെ സംസാരിച്ചു. പിന്നീട് ഇൻസ്പെക്ടർ എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക്

വിളിച്ചു. താങ്കൾ വന്നത് അറിഞ്ഞാൽ എന്റെ വീട്ടുകാർ വളരെ സന്തോഷിക്കും എന്ന് പറഞ്ഞു.

ഞാനോ ഉടനേ യോഗത്തിനു പോകുവാൻ ധൃതികൂട്ടി. അദ്ദേഹം എന്നോട് നിങ്ങൾ വീട്ടിൽ പോയി വിശ്രമിക്കൂ. കോട്ടയം വരെയും ഞങ്ങളുടെ ജീപ്പ് പോകുന്നുണ്ടു. അതിൽ നിങ്ങളെ അയക്കാം. അവിടെനിന്നും താങ്കൾ പോകേണ്ട നാട്ടിലേക്കു ബസ്സിൽ പോകാമെന്നു പറഞ്ഞു. രാജോചിത സ്വീകരണം ആ വീട്ടിൽ നടന്നു. ശരീരക്ഷീണം തീരുംവരെ നന്നായി കുളിച്ചു. ഊണ് റെഡിയാകുന്നതു വരെ റെസ്റ്റെടുക്കുവാൻ പറഞ്ഞു.

രാത്രിയുടെ ക്ഷീണം, ഉറക്കമില്ലായ്മ ഇവയെല്ലാം നിമിത്തം ഞാൻ നന്നായി ഉറങ്ങി. പോലിസുകാരുടെ വീടല്ലേ അതുകൊണ്ടു ഭയമില്ലാതെ ഉറങ്ങി.

ഭക്ഷണ സമയമായി. എന്റെ കൂടെ ചേർന്ന് ഊണു കഴിക്കുവാൻ ആഗ്രഹിച്ചിരുന്ന അധികാരി പെട്ടെന്ന് ഉയർന്ന ഉദ്യോഗസ്ഥൻ വന്നതുകൊണ്ടും എവിടെയോ ബഹളം നടന്നതുകൊണ്ടും അവരുടെ കൂടെ ഉടനെ പുറപ്പെട്ടുപോയി.

ഇങ്ങനെതന്നെ യോഗങ്ങൾക്ക് പങ്കെടുക്കുവാൻ ആഗ്രഹത്തോട് ഇരിക്കുമ്പോൾ ഏതെങ്കിലും ഒരു ജോലിക്കായി ഉടനെ പോയ്കളയും എന്ന് ആ ഉദ്യോഗസ്ഥന്റെ ഭാര്യ വെറുപ്പോടെ പറഞ്ഞു.

ഉണ്ടുകഴിഞ്ഞയുടനെ ജീപ്പ് വന്നു. അതിൽ തോക്കുധാരികളായ കോൺസ്റ്റബിൾമാരും ഒരു സബ് ഇൻസ്പെക്ടറും ഉണ്ടായിരുന്നു. എന്റെ പെട്ടിയ ഒരു പോലീസ് കോൺസ്റ്റബിൾ കൈയ്യിൽ എടുത്തു. ഞാൻ ജീപ്പിൽ കയറുവാൻ അരികിൽ വന്നയുടനെ സബ് ഇൻസ്പെക്ടർ മുന്നിൽ നിന്ന് ഇറങ്ങി പുറകിൽ കയറി ഇരുന്നു. മുൻസീറ്റിൽ ഞാൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. സ്ഥലം ഉള്ളപ്പോൾ എന്തിനാണ് പുറകിൽ പോയി ഇരിക്കുന്നത് ഇവിടെ വന്ന് ഇരിക്കുവാൻ വേണ്ടി ഞാൻ വിളിച്ചു.

എന്നാൽ അദ്ദേഹം വന്നില്ല. സർക്കിൾ ഇൻസ്പെക്ടർ താങ്കളെ മാത്രം മുന്നിൽ ഇരുത്തുവാനും ബഹുമാനത്തോട് കൊണ്ടു പോകുവാനും ഞങ്ങളോട് പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞു.

അപ്പോൾ തടവുക്കാരനെ പോലെ ഞാൻ പെരുന്തൽമണ്ണയിൽ നിന്ന് വരുമ്പോൾ ഉണ്ടായ അപമാനത്തെ ദൈവം ഇങ്ങനെ പുകഴ്ചയാക്കി മാറ്റിയത് ഞാൻ മനസ്സിലാക്കി.

ജീപ്പ് കോട്ടയം ബസ്സ്റ്റാന്റ് കഴിഞ്ഞ് പോയ്ക്കൊണ്ടിരുന്നു. എന്നെ ഇവിടെ തന്നെ ഇറക്കിയാൽ ബസ്സിൽ കയറി പോകാം എന്ന് ഞാൻ പറഞ്ഞു. എന്നാൽ വണ്ടി ഓടിച്ച പോലീസുകാരൻ ഇപ്രകാരം പറഞ്ഞു താങ്കൾ എവിടെ വരെ പോകണോ അവിടംവരെ കൊണ്ടുവിട്ടശേഷം ബാക്കി കാര്യങ്ങളെ നോക്കിയാൽ മതിയെന്ന് സർക്കിൾ ഇൻസ്പെക്ടർ പ്രത്യേകം പറഞ്ഞു എന്ന് പറഞ്ഞു.

അപ്പോൾ സമയം പകൽ 2.30 യോഗസ്ഥലത്ത് വേദപഠന കൂട്ടം നടന്നുകൊണ്ടിരുന്ന സ്ഥലത്തിൽ എത്തിചേർന്നു. ജനങ്ങൾ കൈകൊട്ടി പാട്ടുപാടിക്കൊണ്ട് എന്റെ വരവിനായി സഭാ പ്രവർത്തകരും കാത്തുകൊണ്ടിരിക്കുകയായിരുന്നു.

ജീപ്പ് അവരുടെ അടുത്തു വന്നു നിന്നു. ആദ്യം സബ് ഇൻസ്പെക്ടറും പോലീസുകാരും ഇറങ്ങി തങ്ങളുടെ തോക്കുകളെ എന്തിയവണ്ണം സല്യൂട്ടടിച്ചു. ഞാൻ മന്ത്രിയെ പോലെ പതുക്കെ ഇറങ്ങി. സ്വീകരിക്കുവാൻ വന്ന എല്ലാവരും ആശ്ചര്യത്തോടു കൂടെ നോക്കി നിൽക്കെ പോലീസ് കാവലോടുകൂടെ ക്രിസ്തുവിന്റെ മന്ത്രിയായി പന്തലിലേക്കു ഗമയോടുകൂടെ പ്രവേശിച്ചു.

എത്തരത്തിലുള്ള സംരക്ഷണം! സ്വീകരണം! വഴിനടത്തൽ! കണ്ടോ!

സ്നേഹമുള്ളവരേ നാം ദൈവത്തിന്റെ വേലയിൽ കാണിക്കുന്ന കരുതൽ വെറുതെയാവുകയില്ല.

തന്റെ ദാസനെ തന്റെ കൺമണി പോലെ സംരക്ഷിക്കുന്ന ദൈവം എപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്.

നീ പോകുന്ന വഴിയിലെല്ലാം നിന്റെ ദൈവമായ യഹോവ നിന്റെ കൂടെ ഉണ്ടായിരിക്കും (യോശുവ. 1:9). വിശുദ്ധൻമാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്യുവിൻ (റോമർ 12:13).

ക്രിസ്തുവിനുവേണ്ടി നാം അനുഭവിക്കുന്ന ഓരോ വേദനക്കും ഫലം യഹോവ തീർച്ചയായും തരും.

ദൈവം നിങ്ങളുടെ പ്രവർത്തിയും വിശുദ്ധൻമാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല (എബ്രാ. 6:10).

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN
## (FORM IV)

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street, Old Suramangalam, Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam. Salem-636005 |

I, **Dr. M.G.E.PUSHPARAJ** *hereby declare that the particulars given above are true to the best of my knowledge and belief.*

Dated : 1- 3-2023
Salem - 636 005

**(Sd.) Dr. M.G.E.PUSHPARAJ**
*Signature of Publisher & Editor*

---

**SEPTEMBER - 2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.